കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എലപ്പുള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-11-824/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 27-05-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എലപ്പുള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എലപ്പുള്ളി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി.11-824/2020 തീയതി – 27-05-2020

## പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.09.2018 മുതൽ 18-01-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-01-2020മുതൽ 28-01-2020 വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| | |
|---|---|
| ശ്രീമതി ബിന്ദു.പി.ജി | ഓഡിറ്റ് ഓഫീസർ( ഹയർ ഗ്രേഡ്) |
| ശ്രീമതി.രമാദേവി. പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എ.സുജാത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഐ.കന്തസ്വാമി | ഓഡിറ്റർ |
| ശ്രീമതി ലിക്സി അലക്സ് | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡണ്ട് | |
| ശ്രീ. എ. തങ്കമണി | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | |
| ശ്രീ. എ.മോഹനൻ | 01-04-2018 മുതൽ 01.10.2018 വരെ |
| ശ്രീ. ആർ.ഗോപാലകൃഷ്ണപിള്ള | 02.10.2018മുതൽ 22.03.2019വരെ |
| ശ്രീമതി നന്ദിനി .സി.,<br>( ഇൻ ചാർജ്) | 23.03.19മുതൽ 31.03.2019 വരെ |

(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ജോർജ്ജ് സ്വീറ്റ് | 01.04.18മുതൽ 23.09.18 വരെ |
| | ശ്രീമതിഅനീഷ .എ.കെ | 24.09.18മുതൽ 30.10.18 വരെ |
| | ശ്രീമതി ജിജി അലൻ | 31.10.18മുതൽ<br>31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.രവി.വി. | 01.04.18 മുതൽ 31.3.19വരെ |
| പ്രധാനാദ്ധ്യാപകൻ,<br>GUPS, എലപ്പുള്ളി | ശ്രീ.വിപിനൻ.സി.എം | 01.04.18 മുതൽ<br>10.04.18 വരെ<br>24.07.18 മുതൽ<br>31.03.19 വരെ |
| | ബാബുരാജ് | 11.04.18 മുതൽ 23.07.18വരെ |
| വി.ഇ.ഒ. | ശ്രീ.നവനീത്.സി.കെ. | 01.04.18 മുതൽ 31.03.19വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ലത.ഇ.എൻ. | 01.04.18 മുതൽ<br>31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ആർ.ഗോപാലകൃഷ്ണപ്പിള്ള | 01.04.18 മുതൽ |

| | | |
|---|---|---|
| | | 30.11.18 വരെ |
| | ശ്രീമതി നന്ദിനി .സി. | 1 .12.18 -മുതൽ<br>31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.അരുൺ ശ്രീധർ | 01.04.18 മുതൽ<br>22.01.19 വരെ |
| | ഡോ.ഗൗരി സോമനാഥ് | 23.01.19 മുതൽ<br>31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സി.വി.ഉമ | 01.04.18 മുതൽ<br>31.03.19വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സീമ.എം.ചന്ദ്രൻ | 01.04.18 മുതൽ<br>31.03.19വരെ |
| വെറ്ററിനറി സർജൻ | ഡോ.എസ്.ആനന്ദൻ | 01.04.18 മുതൽ 31.03.19വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സജീഷ്കുമാർ.ജെ. | 01.04.18മുതൽ 07.05.18വരെ |
| | ശ്രീമതി.സി.രാധിക | 8.5.18 മുതൽ 04.03.19വരെ |
| | ശ്രീമതി ശ്രീലത.വി.പി | 05.03.19മുതൽ 31.03.19വരെ |

ഉള്ളടക്കം

<u>ഭാഗം 1</u>

ഓഡിറ്റ് റിപ്പോർട്ട്

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |

| | | |
|---|---|---|
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |

ഭാഗം-II

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഒന്നുമില്ല

ഭാഗം-III

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഒന്നുമില്ല

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ

# ഭാഗം -1

# <u>ഓഡിറ്റ് റിപ്പോർട്ട്</u>.

## 1-1 ബജറ്റ്

21-3-2018 -ാം തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് മുന്നിരിപ്പുൾപ്പെടെ 46.79 കോടി രൂപയും ചെലവ് 12.28കോടി രൂപയും നീക്കിയിരിപ്പ് 34.03 കോടി രൂപയുമാണ്. റിവൈസ്ഡ് ബജറ്റ് പാസാക്കിയത് 23.2.2019 നാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31.7.19 | 18.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16973158 |
| വരവ് | 201860242 |
| ആകെ | 218833400 |
| ചെലവ് | 176294505 |
| നീക്കിയിരിപ്പ് | 42538895 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ * | 0 | 31457000 | 31457000 | 27948113 | 3508887 |
| വികസന ഫണ്ട്-എസ്.സി.പി * | 0 | 16731000 | 16731000 | 15459007 | 1271993 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 13170000 | 13170000 | 13170000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് [illegible] | 0 | 6248000 | 6248000 | 6248000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് * | | 0 | 17247793 | 17247793 | 14600000 | 2647793 |
| എം.ജി. എൻ. ആർ.ഇ ജി.എസ് # | തൊഴിലാളികളുടെ കൂലി | - | 48764328 | 48764328 | 48764328 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5666 | 906547 | 912213 | 908977 | 3236 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ - | ICDS | 1826213 | 1011250 | 2837463 | 2498643 | 338820 |
| സംസ്ഥാനാവിഷ്കൃതഫണ്ടുകൾ | TSC | - | 2514382 | 2514382 | 1246061 | 1268321 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് ## | ബ്ലോക്ക് പഞ്ചായത്ത് | 303612 | 5989767 | 6293379 | 4195405 | 2097974 |
| | ജില്ലാ പഞ്ചായത്ത് | - | 4767017 | 4767017 | 3034879 | 1732138 |
| ബി ഫണ്ട് | | 0 | 2763792 | 2763792 | 2763792 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് -SBI | 9010368 | 68656680 | 77667048 | 55922335 | 21744713 |
| | എലപ്പുള്ളി സർവീസ് കോ.ബാങ്ക് | 8745316 | 7570964 | 16316280 | 6624362 | 9691918 |
| | ട്രഷറി അക്കൗണ്ട് | 1634556 | 31561114 | 33195670 | 26149141 | 7046529 |

*ACR പ്രകാരം

# MGNREGS കാഷ്ബുക്ക് വരവ് ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. കാഷ്ബുക്ക് വരവ് ചെലവ് തുകകൾ യഥാക്രമം 923547/-, 925977 /- എന്നിവ ആണ്.

##ബാലൻസ് ഷീറ്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പ്രകാരം സംയുക്ത പ്രൊജക്റ്റുകളുടെ നീക്കിയിരിപ്പ് 3830112/-ആണ്. എന്നാൽ വാർഷിക കണക്കിലെ RP40(b) പ്രകാരം നീക്കിയിരിപ്പ് 3630112/-ആണ്. വ്യത്യാസം വന്നത് വിശദീകരിക്കപ്പെട്ടിട്ടില്ല.

# 1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ

# സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 295 | 293425030 | 231 | 134393471 | - | 64 | 78 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 78% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 46% ചെലവഴിച്ചിട്ടുള്ളൂ.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 1 | 1 | 8764500 | 6691542 | 76 |
| വി.ഇ.ഒ | 9 | 8 | 162559113 | 47598000 | 29 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 8858488 | 6826388 | 77 |
| സെക്രട്ടറി | 18 | 11 | 19600469 | 12981522 | 66 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 217 | 169 | 69805662 | 46613232 | 67 |
| മെഡിക്കൽ ഓഫീസർ-CHC | 10 | 7 | 1314900 | 864589 | 66 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 350000 | 350000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 350000 | 350000 | 100 |
| വെറ്ററിനറി സർജ്ജൻ | 6 | 5 | 8269000 | 3069000 | 37 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1600000 | 80675 | 5 |
| പ്രധാന അധ്യാപകൻ | 11 | 9 | 8270398 | 6618545 | 80 |
| അസി.സെക്രട്ടറി | 9 | 9 | 3682500 | 2349978 | 64 |
| ആകെ | 295 | 231 | 293425030 | 134393471 | 46 |

# 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 135840 | 91 |
| കർഷകതൊഴിലാളി പെൻഷൻ | 17128600 | 1005 |
| വിധവാപെൻഷൻ | 30966500 | 1752 |
| വാർദ്ധക്യകാലപെൻഷൻ | 46691700 | 2730 |
| വികലാംഗപെൻഷൻ | 8036300 | 450 |
| 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള അവിവാഹിത പെൻഷൻ | 2485900 | 138 |

# 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.1.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 4756/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.1219 | 11/2019 | 6.1.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.11.2009 to 24.11.2009 | 2004-05 to 2008-09 | LBA(HQ)VI/8A-1510/26 dt.24.12.2009<br>നം.LBZ(HQ)VI/8A-1510/89 dt.3.6.14 കത്ത് പ്രകാരം എല്ലാ പരാമർശങ്ങളും തീർപ്പാക്കി |

# 1-9 ആഭ്യന്തര നിയന്ത്രണം

1. ഓഡിറ്റ് സർട്ടിഫിക്കേഷനിൽ നിർദ്ദേശിച്ചിരുന്ന അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

2. ആസൂത്രണസമിതി 2018-19 ൽ ആകെ 1പ്രാവശ്യം മാത്രം യോഗം ചേർന്നിട്ടുള്ളൂ. മിനിറ്റ്സിൽ തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. പദ്ധതികൾ ശുപാർശ ചെയ്യുകയോ പദ്ധതി ആസൂത്രണം, രൂപീകരണം, നിർവ്വഹണം എന്നീ കാലയളവുകളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതായോ മിനിറ്റ്സ് പ്രകാരം ഇല്ല.

3. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിറ്ററിംഗ് നടത്തുന്നതായി മിനിറ്റ്സ് പ്രകാരം ഇല്ല.

4. പ്രൊക്യൂർമെന്റ് കമ്മിറ്റി 2018-19 ൽ ആകെ 1 പ്രാവശ്യം മാത്രം യോഗം ചേർന്നിട്ടുള്ളൂ. പഞ്ചായത്തിന്റെ തൻവർഷത്തെ നിർവ്വഹണോദ്യോഗസ്ഥർ ഉൾപ്പടെയുള്ളവർ നടത്തിയിട്ടുള്ള മുഴവൻ സേവനങ്ങളുടേയും വാങ്ങലുകളുടേയും ടെണ്ടറുകൾ ഓരോന്നും കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചിട്ടില്ല.

# 1-10 വാർഷിക കണക്കുകളിലെ അപാകതകൾ

1)മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമാവുന്ന ഫണ്ടുകളുടെ പദ്ധതിചെലവ് സുലേഖ സോഫ്റ്റ്‌വെയറിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

<u>എ) കൃഷി -ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിച്ചെങ്കിലും ചെലവിൽ രേഖപ്പെടുത്തിയില്ല</u>

ജില്ലാപഞ്ചായത്ത് വിഹിതമായി 768800 രൂപയിൽനിന്ന് 485775 രൂപ 2018-19 മാർച്ച് മാസത്തിൽ ചെലവഴിച്ചു. ട്രഷറി ടി എസ് ബിയിൽ ഉണ്ടായിരുന്ന ബാക്കി തുക 283025 രൂപ ട്രഷറി ചെക്ക് നം.0018408/10.6.19 പ്രകാരം 869 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളുടെ ചെലവിൽ (സുലേഖ പ്രകാരമുള്ള ചെലവ് സ്റ്റേറ്റ്മെന്റ് ) 2018-19 വർഷത്തിലോ 2019-20 വർഷത്തിലോ ഉൾപ്പെടുത്തിയിട്ടില്ല.

<u>ബി) ലൈഫ് പദ്ധതി-ഹഡ്കോ ലോൺ</u>

ഗ്രാമപഞ്ചായത്തിന്റെ സുലേഖയിൽനിന്നുള്ള ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 വർഷത്തിലെ ലൈഫ് പദ്ധതിക്കായി എടുത്തിട്ടുള്ള ഹഡ്കോ ലോണിനത്തിലുള്ള ചെലവ് 32220000 രൂപ മാത്രമാണ്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം ലോൺ ചെലവഴിച്ചിട്ടുള്ളത് 39996652 രൂപയാണ്. 10.1.2019 തീയതിയിൽ നൽകിയ 7776652 രൂപയുടെ ചെലവ് സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല.

<u>സി) അങ്കണവാടി പോഷകാഹാര പദ്ധതി</u>

സുലേഖ സോഫ്റ്റ് വെയറിലെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം അങ്കണവാടി പോഷകാഹാര പദ്ധതി (പ്രൊജക്റ്റ് നം.6/19) പ്രകാരമുള്ള കേന്ദ്രഫണ്ട് ചെലവ് 1347213 രൂപയാണ്. എന്നാൽ ചെലവ്

രേഖകൾ പ്രകാരം 2498643 രൂപ യഥാർത്ഥത്തിൽ ചെലവഴിച്ചിട്ടുണ്ട്. ചെക്ക് നം.190779/16.5.2018 പ്രകാരം കേന്ദ്രഫണ്ട് 1111430 രൂപ അങ്കണവാടി പോഷകാഹാരപദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ടെങ്കിലും ഈ ചെലവ് വെബ് സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-11 ബജറ്റ് - നടപടിക്രമങ്ങളുടെ പാലനം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പു പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1 (എ) (1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തിലെ ബഡ്ജറ്റ് തയ്യാറാക്കുന്നതില്ക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10/01/2018ലെ 3-ാം നം. തീരുമാന പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നോൺ പ്ലാൻ വരവ് ചെലവ് പ്രൊപ്പോസൽസ് രേഖപ്പെടുത്താനുള്ള പ്രൊഫോർമകൾ അയച്ചുകൊടുക്കുകയും , അവർ അയച്ചുതന്ന മറുപടികൾ യോഗം ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 9.03.2018 ൽ കൂടിയ യോഗത്തിലെ (1)-ാം നമ്പർ തീരുമാനമായി ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (സ.ഉ (സാധാ) നം.3291/2016/തസ്വഭവ തിയ്യതി 02 .12 .2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പാലിച്ചിട്ടുണ്ട്.

## 1-12 വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത - നികുതി നഷ്ടം

വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഫയലുകൾ, സഞ്ചയ വസ്തുനികുതിനിർണ്ണയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിൽ അപാകതകൾ ഉള്ളതായി കാണുന്നു. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത്

നിർണ്ണയിച്ചിരിക്കുന്ന വസ്തുനികുതി ചതുരശ്ര മീറ്ററിന് 50 രൂപ എന്ന നിരക്കിലും 100 ച.മീറ്ററിന് മുകളിൽ ഉള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 70 രൂപ എന്ന നിരക്കിലുമാണ്. ഒരു ഉടമസ്ഥന്റെ കീഴിലുള്ള ഒരു വാണിജ്യകെട്ടിടത്തിലുള്ള എല്ലാ മുറികളെയും ചേർത്ത് ഒരു യൂണിറ്റായി കണക്കാക്കി അവയുടെ ആകെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടതിനു പകരം ഒരു കെട്ടിടത്തിലെ വിവിധ മുറികളെ വിവിധ കെട്ടിടങ്ങളായി പരിഗണിക്കുകയും ഓരോ മുറിയുടെയും വിസ്തീർണ്ണം 100ച.മീറ്ററിൽ കുറവായതിനാൽ 50 രൂപ/ ച.മീ. എന്ന നിരക്കിൽ നികുതി നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം തെറ്റായ നിരക്ക് അടിസ്ഥാനമാക്കി നികുതി നിർണ്ണയം നടത്തിയതിനാൽ പഞ്ചായത്തിന് താഴെ വിവരിക്കും പ്രകാരം നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്.

1. കെട്ടിട ഉടമയുടെ പേര്: K.V.Haribabu

ആകെ വിസ്തീർണ്ണം : 112 m2

| ക്രമ നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (m2) | നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി (50 രൂപ നിരക്കിൽ ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി (70രൂപ നിരക്കിൽ ) | അടിസ്ഥാന വസ്തുനികുതിയിൽ കുറവ് ₹ |
|---|---|---|---|---|---|
| 1 | 1/767 | 57 | 2850 | 3990 | 1140 |
| 2 | 1/768 | 20 | 1000 | 1400 | 400 |
| 3 | 1/769 | 20 | 1000 | 1400 | 400 |
| 4 | 1/770 | 15 | 750 | 1050 | 300 |
| ആകെ അടിസ്ഥാന വസ്തുനികുതിയിൽ കുറവ് വന്ന തുക | | | | | 2240 |

2. കെട്ടിട ഉടമയുടെ പേര് : Ramachandran

വിസ്തീർണ്ണം : 694.33 m2

| ക്രമ നം | കെട്ടിട നമ്പർ | വിസ്തീർണ്ണം (എം2) | നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി (50 രൂപ നിരക്കിൽ ) ₹ | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി (60 രൂപ നിരക്കിൽ ) ₹ | അടിസ്ഥാന വസ്തുനികുതിയിൽ കുറവ് ₹ |
|---|---|---|---|---|---|
| 1 | 16/558 | 39.4 | 1970 | 2758 | 788 |
| 2 | 16/559 | 19.7 | 985 | 1379 | 394 |
| 3 | 16/560 | 19.7 | 985 | 1379 | 394 |
| 4 | 16/561 | 196.1 | 9805 | 13727 | 3922 |
| 5 | 16/562 | 50.11 | 2505 | 3508 | 1003 |
| 6 | 16/563 | 21.37 | 1068 | 1496 | 428 |

| | | | | | |
|---|---|---|---|---|---|
| 7 | 16/564 | 21.37 | 1068 | 1496 | 428 |
| 8 | 16/565 | 21.37 | 1068 | 1496 | 428 |
| 9 | 16/566 | 94.32 | 4716 | 6602 | 1886 |
| 10 | 16/568 | 55.65 | 2782 | 3895 | 1113 |
| 11 | 16/568 | 55.65 | 2782 | 3895 | 1113 |
| 12 | 16/569 | 26.35 | 1317 | 1844 | 527 |
| 13 | 16/570 | 21.37 | 1068 | 1496 | 428 |
| 14 | 16/571 | 24.34 | 1217 | 1704 | 487 |
| 15 | 16/572 | 27.53 | 1376 | 1927 | 551 |
| ആകെ അടിസ്ഥാന വസ്തുനികുതിയിൽ കുറവ് വന്ന തുക | | | | | 13890 |

3. കെട്ടിട ഉടമയുടെ പേര് : Mohanan

വിസ്തീർണ്ണം : 197.72

| ക്രമ നം | കെട്ടിട നമ്പർ | വിസ്തീർണ്ണം (എം2) | നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി (50 രൂപ നിരക്കിൽ ) ₹ | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി (60 രൂപ നിരക്കിൽ ) ₹ | അടിസ്ഥാന വസ്തു നികുതിയിൽ കുറവ് ₹ |
|---|---|---|---|---|---|
| 1 | 1/727 | 53.86 | 2693 | 3770 | 1077 |
| 2 | 1/728 | 53.86 | 2693 | 3770 | 1077 |
| ആകെ അടിസ്ഥാന വസ്തുനികുതിയിൽ കുറവ് വന്ന തുക | | | | | 2154 |

4. കെട്ടിട ഉടമയുടെ പേര് : Reema

വിസ്തീർണ്ണം : 126

| ക്രമ നം | കെട്ടിട നമ്പർ | വിസ്തീർണ്ണം (എം2) | നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി (50 രൂപ നിരക്കിൽ ) ₹ | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി (60 രൂപ നിരക്കിൽ ) ₹ | അടിസ്ഥാന വസ്തു നികുതിയിൽ കുറവ് ₹ |
|---|---|---|---|---|---|
| 1 | 6/601 | 20 | 1000 | 1400 | 400 |
| 2 | 6/602 | 34 | 1700 | 2380 | 680 |
| 3 | 6/603 | 36 | 1800 | 2520 | 720 |
| 4 | 6/604 | 36 | 1800 | 2520 | 720 |
| ആകെ അടിസ്ഥാന വസ്തുനികുതിയിൽ കുറവ് വന്ന തുക | | | | | 2520 |

5. കെട്ടിട ഉടമയുടെ പേര് : Abdul azeez

വിസ്തീർണ്ണം : 118.75

| ക്രമ നം | കെട്ടിട നമ്പർ | വിസ്തീർണ്ണം (എം2) | നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി (50 രൂപ നിരക്കിൽ ) ₹ | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി (60 രൂപ നിരക്കിൽ ) ₹ | അടിസ്ഥാന വസ്തുനികുതിയിൽ കുറവ് ₹ |
|---|---|---|---|---|---|
| 1 | 20/560 | 76.75 | 3837 | 5372 | 1535 |
| 2 | 20/561 | 14 | 700 | 980 | 280 |
| 3 | 20/562 | 14 | 700 | 980 | 280 |
| 4 | 20/563 | 14 | 700 | 980 | 280 |
| ആകെ അടിസ്ഥാന വസ്തുനികുതിയിൽ കുറവ് വന്ന തുക | | | | | 2375 |

6. കെട്ടിട ഉടമയുടെ പേര് : Shaik Abdulla

വിസ്തീർണ്ണം : 112.1

| ക്രമ നം | കെട്ടിട നമ്പർ | വിസ്തീർണ്ണം (എം2) | നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി (50 രൂപ നിരക്കിൽ ) ₹ | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി (60 രൂപ നിരക്കിൽ ) ₹ | അടിസ്ഥാന വസ്തുനികുതിയിൽ കുറവ് ₹ |
|---|---|---|---|---|---|
| 1 | 19/545 | 56.11 | 2805 | 3928 | 1123 |
| 2 | 19/546 | 18.7 | 935 | 1309 | 374 |
| 3 | 19/547 | 18.7 | 935 | 1309 | 374 |
| 4 | 19/548 | 18.7 | 935 | 1309 | 374 |
| ആകെ അടിസ്ഥാന വസ്തുനികുതിയിൽ കുറവ് വന്ന തുക | | | | | 2245 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/25.01.2020 ന് ലഭിച്ച മറുപടി അംഗീകരിക്കത്തക്കതല്ല. ഇവയുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

# 1-13 കെട്ടിടങ്ങളുടെ വിനിയോഗ ഗണത്തിൽ മാറ്റം വരുത്താത്തതിനാൽ നികുതി നഷ്ടം

കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ചുള്ള തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പിന്റെ02.12.2015 ലെ നം. 129000/ആർ.എ 1/ 2015/തസ്വഭവ സർക്കുലർ ഖണ്ഡിക

23പ്രകാരം കെട്ടിട പ്രവർത്തന ലൈസൻസ് നൽകുന്ന അവസരത്തിൽ നിർദ്ദിഷ്ട ഉപയോഗം കെട്ടിടത്തിന് അനുമതി നൽകിയ അതേ ഒക്കുപ്പൻസി വിഭാഗത്തിൽ തന്നെയുള്ളതാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും വിനിയോഗ മാറ്റം ഉള്ള പക്ഷം കെട്ടിട വിനിയോഗ മാറ്റത്തിന് ചട്ടപ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ , ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വിനിയോഗ ഗണത്തിൽ മാറ്റം വന്നിട്ടും ഇവയുടെ വസ്തു നികുതി നിരക്ക് പുനർ നിർണ്ണയിച്ചിട്ടില്ല. വിനിയോഗ ഗണത്തിൽ മാറ്റം വരുത്തിയിട്ടില്ലാത്ത ഏതാനം കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം, കെട്ടിട ഉടമയുടെ പേര്, | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം, | ലൈസൻസ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ യഥാർത്ഥ ഉപയോഗം, | ഏരിയ(മീറ്റർ സ്ക്വയർ |
|---|---|---|---|---|
| 1 | 11/17<br>sathyabhama<br>Rice mill | പാർപ്പിടം | ഇതര വ്യവസായം | 36 |
| 2 | 22/43<br>Leena haridas | ഓഫീസ് കെട്ടിടം | ഇതര വ്യവസായം | 64.64 |
| 3 | 7/31<br>sethumadahavan<br>Rice mill | പാർപ്പിടം | ഇതര വ്യവസായം | 24 |
| 4 | 4/2<br>Lakshmi ricemill | കൈത്തറി ഷെഡ് | ഇതര വ്യവസായം | 24 |
| 5 | 6/396<br>ESS plant unit | പാർപ്പിടം | ഇതര വ്യവസായം | 50 |
| 6 | 7/528<br>MASS polymers | ലൈവ്സ്റ്റോക്ക് ഷെഡ് | ഇതര വ്യവസായം | 937 |
| 7 | 17/632<br>Sheeba.K<br>SS Apparels | കൈത്തറി ഷെഡ് | ഇതര വ്യവസായം | 87 |
| 8 | 8/601<br>Korbel prelaminated boards | കൈത്തറി ഷെഡ് | ഇതര വ്യവസായം | 778 |
| 9 | 4/2 | കൈത്തറി ഷെഡ് | ഇതര വ്യവസായം | 24 |

| | | | | |
|---|---|---|---|---|
| | sureshbabu<br>Rice mill | | | |

ഇവയുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 06/24.01.2020 ന് മറുപടി ലഭ്യമായിട്ടില്ല.

# 1-14 ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ

എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ അനധികൃത നിർമ്മാണ രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അനധികൃത നിർമ്മാണ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29342/ആർ.എ1/2014/ തസ്വഭവ, 19.05.2014 തിയതിയിലെ ഉത്തരവിൽ ഗ്രാമ പഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയവ ചുവടെ ചേർക്കുന്നു.

1. ഏതുതരം ചട്ടലംഘനമാണ് നടത്തിയത് എന്നും ടി ലംഘനം പ്രതിപാദിക്കുന്ന റൂൾസ്, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നും രേഖപ്പെടുത്തിയിട്ടില്ല.

2. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിൻ മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആണ്. കൂടാതെ എല്ലാമാസവും 25-ാം തിയതിക്ക് മുമ്പായി അതാത് സെക്രട്ടറിമാർ വകുപ്പ് തലവൻമാർക്ക് അയച്ചുകൊടുക്കേണ്ടതും വകുപ്പ് തലവൻമാർ അവ ക്രോഡീകരിച്ച് എല്ലാ മാസവും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ ടി നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിച്ചതായി കാണുന്നില്ല.

2. കെട്ടിടനിർമ്മാണ അനുമതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റ് രജിസ്റ്റർ 1പേജ് നമ്പർ 49 മുതൽ 101 വരെ, പെർമിറ്റ് രജിസ്റ്റർ 2പേജ് നമ്പർ 8,9,10 എന്നിവയിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. ഗണം, നിലകളുടെ എണ്ണം, പെർമിറ്റ് ഫീസ്, FAR, intimations given to the applicant, പെർമിറ്റ് പുതുക്കൽ സംബന്ധിച്ച വിവരങ്ങൾ, വസ്തു നികുതി നിർണ്ണയ നമ്പർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 09/24.01.2020 ന് മറുപടി ലഭ്യമായിട്ടില്ല.

# 1-15 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ,ചട്ടം 4 പ്രകാരം സെക്രട്ടറിയിൽനിന്ന്

വികസനത്തിന് അല്ലെങ്കിൽ പുനർവികസനത്തിന് അനുവാദപത്രം ലഭിക്കാതെ ഒരാളും ഒരു തുണ്ട് ഭൂമിയുടെ പോലും വികസനമോ പുനർവികസനമോ നടത്താൻ പാടുള്ളതല്ല. ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ അല്ലെങ്കിൽ കൂട്ടിച്ചേർക്കുകയോ വിപുലീകരിക്കുകയോ കെട്ടിടത്തിന് മാറ്റം വരുത്തുകയോ ചെയ്യുന്നതിന് മുമ്പ് ആദ്യം അത്തരത്തിലുള്ള ഓരോ കെട്ടിടത്തിനും പ്രത്യേകമായി സെക്രട്ടറിയിൽ നിന്ന് കെട്ടിട പെർമിറ്റ് നേടിയിരിക്കേണ്ടതാണ്. ചട്ടം 134,135 പ്രകാരം നിർമ്മാണമോ പുനർനിർമ്മാണമോ അംഗീകൃത പ്ലാൻ അല്ലെങ്കിൽ വ്യതിചലനത്തോടെയുള്ള അംഗീകൃത പ്ലാൻ ലഭിക്കാതെ ആരംഭിക്കുകയോ നടത്തിക്കൊണ്ടിരിക്കുകയോ അല്ലെങ്കിൽ പൂർത്തിയാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവ ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം സെക്രട്ടറിക്കുണ്ടായിരിക്കുന്നതും ഇത്തരം ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 10-ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് രജിസ്റ്റർ, പെർമിറ്റ് ഫയൽ എന്നിവ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കി റെഗുലറൈസേഷന് അപേക്ഷ സമർപ്പിച്ചിട്ടും ഇവയ്ക്ക് അധികൃത / അനധികൃത നമ്പർ നൽകാത്തതിൻ മൂലം പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടമാകുന്നു. ഇത്തരത്തിൽ റെഗുലറൈസേഷന് അപേക്ഷ നൽകിയിട്ടും നമ്പർ നൽകിയിട്ടില്ലാത്ത ഏതാനം കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പാരിലാൽ ഫോംസ്.

റെഗുലറൈസേഷന് അപേക്ഷ നൽകിയത്. 04. 10.2018 തിയതിയിൽ.

2. കൃപ ഫ്യുവൽസ്.

09.01.2017ന് പെട്രോൾ പമ്പ് പുതുക്കി പണിയുന്നതിന് പെർമിറ്റിന് അപേക്ഷ സമർപ്പിക്കുകയും 29.06.18 ന് പണി പൂർത്തീകരിച്ച് നമ്പറിങ്ങിനായി അപേക്ഷ സമർപ്പിച്ചിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുകയോ, ക്രമവത്ക്കരിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ടി പെട്രോൾ പമ്പിന് ലൈസൻസ് അനുവദിച്ചിട്ടുള്ളതായും നിലവിൽ പ്രവർത്തിക്കുന്നതായും കാണുന്നു.

3. പാറ ഏറാഞ്ചേരി മസ്ജിദിന് സമീപത്തായി ഒരു ഇൻഡോർ സ്റ്റേഡിയം പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ പെർമിറ്റ് രജിസ്റ്റർ, വസ്തു നികുതി രജിസ്റ്റർ, അനധികൃത നിർമ്മാണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഇവയ്ക്ക് അനുമതി നൽകിയതായി കാണുന്നില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. മേൽ കെട്ടിടങ്ങളെ റെഗുലറൈസ് ചെയ്യാൻ കഴിയില്ല എങ്കിൽ അനധികൃതനിർമ്മാണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കേണ്ടതും അനധികൃതനിർമ്മാണത്തിനെതിരെയുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. പഞ്ചായത്തിന്റെ അനുമതികൂടാതെ പ്രദേശത്ത് യാതൊരുനിർമ്മാണപ്രവർത്തനവും നടക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 09/24.01.2020 ന് മറുപടി ലഭ്യമായിട്ടില്ല.

# 1-16 നെൽവയൽ തണ്ണീർത്തട ആക്ടിന് വിരുദ്ധമായി പ്രവർത്തനാനുമതി നൽകിയിരിക്കുന്നു.

2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്, 2018ലെ കേരള നെൽവയൽ തണ്ണീർത്തട ഭേദഗതി ആക്ട് , സെക്ഷൻ 14 പ്രകാരം ' 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ എന്തു തന്നെ അടങ്ങിയിരുന്നാലും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നെൽ വയലിലോ, തണ്ണീർത്തടത്തിലോ ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്വഭാവവ്യതിയാനം വരുത്തിയിട്ടുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലോ ഏതെങ്കിലും പ്രവർത്തിയോ നിർമ്മാണം ചെയ്യുന്നതിനുള്ള യാതൊരു ലൈസൻസും നൽകുവാൻ പാടുള്ളതല്ല' എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട് . ലൈസൻസ് ഫയൽ പരിശോധിച്ചതിൽ 2018- 19 വർഷം 228/2018 നമ്പർ പ്രകാരം പ്രവർത്തന ലൈസൻസ് നൽകിയിട്ടുള്ള പ്യാരിലാൽ ഫോംസ് എന്ന സ്ഥാപനം ഹാജരാക്കിയിട്ടുള്ള പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം സർവെ നമ്പർ 165/2, 170/3,1,172/5, 173/5, 171/7, 173/2, 169/7,9, 164/5 എന്നിവ നിലം എന്ന വിഭാഗത്തിലും സർവെ നമ്പർ 165/1,3,5,174/3,4,172/2,3,4,175/3, 169/5, 164/4,2 എന്നിവ പുരയിടം എന്ന വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്. ആകെ ഏരിയയായ 42.5296 ഏക്കറിൽ 29.4529ഏക്കർ നിലവും, 13.0767 ഏക്കർ പുരയിടവുമാണ്. ഇതിൽ പുരയിടം എന്ന് രേഖപ്പെടുത്തിയ സർവെ നമ്പറുകൾക്ക് മാത്രം പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. എന്നാൽ കമ്പനി സമർപ്പിച്ച പ്ലാനിൽ നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലത്തെക്കൂടി ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. വില്ലേജ് ഓഫീസിൽ നിന്നുള്ള സർവേ സ്കെച്ച്, FMB യിൽ മാർക്ക് ചെയ്തത്, പുരയിടം എന്ന് രേഖപ്പെടുത്തിയതിന്റെ സ്ഥലങ്ങളുടെ അതിര് തിരിച്ചത്, റിവൈസ്ഡ് പ്ലാൻ എന്നീ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് നിയമം 14 ന്റെ ലംഘനമാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 09/24.01.2020 ന് മറുപടിയായി രേഖകൾ ഓഡിറ്റിന് മുൻപാകെ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

# 1-17 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ

താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, എലപ്പുള്ളി പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാൻറ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.) <u>തൊഴിൽ നികുതി സ്ലാബിൽ ഉൾപ്പെടാത്ത സംഖ്യ തൊഴിൽ നികുതിയായി ഈടാക്കിയിരിക്കുന്നു.</u>

എലപ്പുള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സിൽക്ക് മാർക്ക് ഓർഗനിസേഷൻ എന്ന സ്ഥാപനത്തിലെ താഴെപ്പറയുന്ന ജീവനക്കാരിൽനിന്നും തൊഴിൽ നികുതിയായി 118030103757 നം. രസീതി മുഖേന 19/09/2018 തിയതിയിൽ ഇപ്രകാരം ഈടാക്കിയിട്ടുണ്ട്.

| ക്രമനം. | ജീവനക്കാരന്റെ പേര്, തസ്തിക | ഈടാക്കിയ തൊഴിൽനികുതി (ഒന്നാം അർദ്ധവർഷം) | അർദ്ധവർഷവരുമാനം |
|---|---|---|---|
| 1 | രമേഷ്.വി (ഡെപ്യൂട്ടി ഡയറക്ടർ) (ട്രാൻസ്ഫേഡ് ആൻഡ് ജോയിൻഡ് ഡ്യൂട്ടി ഓൺ 13/8/2018) | 208 | 76761 |
| 2 | പി.സി.ജോണി (ടെക്നിക്കൽ അസിസ്റ്റന്റ്) (ട്രാൻസ്ഫേഡ് ആൻഡ് ജോയിൻഡ് ഡ്യൂട്ടി ഓൺ 1/8/2018) | 208 | 63024 |

ചട്ടപ്രകാരം തൊഴിൽ നികുതി ഈടാക്കുന്നതിനായുള്ള സ്ലാബുകളിൽ മേൽസൂചിപ്പിച്ച തുക ഉൾപ്പെട്ടിട്ടില്ല. ഇപ്രകാരം , സ്ലാബിൽ ഉൾപ്പെടാത്ത സംഖ്യ തൊഴിൽ നികുതിയായി ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നും, ടിയാളുകൾ മുൻപ് ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളിൽ ആനുപാതികമായ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് എന്നും ഓഡിറ്റ് എൻക്വയറി (നം.2/22.01.2020) മുഖേന ആവശ്യപ്പെട്ടതിന് മറുപടിയായി, ടിയാളുകൾ മുൻപ് ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളിൽ ആനുപാതികമായ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ

ഹാജരാക്കുന്നതിന് സ്ഥാപനമേധാവിക്ക് കത്ത് നല്കുന്നതാണെന്നും, ടി രേഖകൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും വിശദമാക്കിയിട്ടുണ്ട്.

2.)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | തേനാരി മിൽക്ക് സൊസൈറ്റി | 1&2 |
| 2 | ബി.എസ്.എൻ.എൽ | 1&2 |

തേനാരി മിൽക്ക് സൊസൈറ്റി, ബി.എസ്.എൻ.എൽ എന്നീ സ്ഥാപനങ്ങളുടെ 1&2 അർദ്ധവർഷങ്ങളിലെ സ്ഥാപനതൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

3.)തൊഴിൽനികുതി കുറവായി ഈടാക്കിയിരിക്കുന്നു

നെയ്തല വനിതാക്ഷീരോദ്പാദക സഹകരണസംഘത്തിലെ ശ്രീമതി.വിജയം.വി. - ലാബ് അസിസ്റ്റന്റ്- എന്ന വ്യക്തിയുടെ 2-ാം അർദ്ധവർഷതൊഴിൽനികുതിയായി 118030107721 രസീതി പ്രകാരം 20/02/2019തിയതിയിൽ 600 രൂപയാണ് ഈടാക്കിയിരിക്കുന്നത്. എന്നാൽ , സ്ഥാപനം സമർപ്പിച്ച റിട്ടേൺ പ്രകാരം 80478 രൂപയാണ് ടിയാളുടെ 2-ാം അർദ്ധവർഷവരുമാനം. 750 രൂപ തൊഴിൽനികുതിയായി ഈടാക്കേണ്ടിയിരിക്കേ, 600/-രൂപ മാത്രം ഈടാക്കിയതിനാൽ കുറവു വന്ന തുക 150/-രൂപ കൂടി വസൂലാക്കി വിവരം അറിയിക്കേണ്ടതാണ്.

4.)ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാഡികോ എന്ന സ്ഥാപനത്തിന്റെ സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5.)ക്ഷീരോദ്പാദക സഹകരണസംഘങ്ങളുടെ സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ക്ഷീരോദ്പാദക സഹകരണസംഘങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമനം. | ക്ഷീരോദ്പാദകസംഘത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | എടുപ്പുകളം | 1&2 |
| 2 | കൊട്ടിൽപ്പാറ | 1&2 |
| 3 | വെന്തപാളയം | 1&2 |
| 4 | ചേരുംകാട് | 1&2 |
| 5 | കുളിയോട് | 1&2 |
| 6 | എലപ്പുള്ളി | 1&2 |

ടി ക്ഷീരോദ്പാദക സഹകരണസംഘങ്ങളുടെ സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6.)ഡി&ഒ രജിസ്റ്റർ പ്രകാരം, ഇൻഡ്സിൽ ഹൈഡ്രോ പവർ ആൻഡ് മാൻഗനീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ 293 ജീവനക്കാരാണ് പ്രവർത്തിക്കുന്നത്. എന്നാൽ 202 ജീവനക്കാരുടെ തൊഴിൽനികുതി മാത്രമേ അടവാക്കിയതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളൂ. മുഴുവൻ ജീവനക്കാരുടേയും തൊഴിൽനികുതി ഈടാക്കാത്തതിന്റെ കാരണം വിശദമാകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, 202 ജീവനക്കാരുടെ മാത്രം തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച് സ്ഥാപന മേധാവിയിൽ നിന്നും വിശദീകരണം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി തന്നിട്ടുണ്ട്.

7.)<u>പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്.</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റീട്ടെയിൽ റേഷൻ ഡിപ്പോകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട റേഷൻ കടകളുടെ തൊഴിൽ നികുതി 2018-19 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലും ഈടാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ 13 റേഷൻ കടകളാണ് ഉള്ളത്.

| ക്രമനം. | സ്ഥിതിചെയ്യുന്ന സ്ഥലം | വാർഡ് |
|---|---|---|
| 1 | പള്ളത്തേരി | 22 |
| 2 | എണ്ണപ്പാടം | 21 |
| 3 | രാമശ്ശേരി | 1 |
| 4 | വേങ്ങോടി | 4 |
| 5 | പാറ | 17 |
| 6 | കാക്കത്തോട് | 17 |
| 7 | പേട്ട | 18 |
| 8 | എലപ്പുള്ളി തറ | 19 |
| 9 | തേനാരി | 14 |
| 10 | നോമ്പിക്കോട് | 7 |
| 11 | തോട്ടുമ്പള്ളി | 13 |
| 12 | നെയ്തല | 12 |
| 13 | പോക്കാൻത്തോട് | 9 |

ടി റേഷൻ കടകളുടെ ജീവനക്കാരുടെയും,സ്ഥാപനത്തിന്റെയും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് പഞ്ചായത്ത് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

8.)<u> കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്</u>

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കരാറുകാരാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തി യിരിക്കുന്നത്.

| ക്രമനം. | കരാറുകാരന്റെ പേര് |
|---|---|
| 1 | ജയരാജ്.കെ |
| 2 | രാജേന്ദ്രൻ.വി |
| 3 | കലാധരൻ.പി |
| 4 | ദിനേഷ്.വി |
| 5 | രജിൽ.സി |
| 6 | ഉണ്ണിക്കുട്ടൻ.എസ്. |
| 7 | സുരേഷ്.എസ് |
| 8 | സൈജു.കെ. |
| 9 | ആർ.സുകുമാരൻ |
| 10 | മനോജ്.കെ. |
| 11 | സൂരജ്.കെ |
| 12 | സുരേഷ്.എ |
| 13 | ബിജു.കെ |
| 14 | സുന്ദരൻ.എം. |
| 15 | കിരൺ.കെ |
| 16 | വിനോദ്കുമാർ.സി |
| 17 | വിനോദ്.എസ് |
| 18 | രാഹുലൻ.സി |
| 19 | പ്രദീപ്.വി.കെ |
| 20 | രാധാകൃഷ്ണൻ.എം |
| 21 | സുനിൽ.എസ് |
| 22 | വിജയകുമാർ |
| 23 | രാജൻ.ബി |
| 24 | കുട്ടൻ.കെ |
| 25 | സ്വരൂപ്.വി |
| 26 | ഷഫീക്ക്.എൻ.എം |
| 27 | നിത്യാനന്ദൻ.ബി |
| 28 | കൃഷ്ണകുമാർ.വി |
| 29 | ഷൺമുഖദാസ്.എ.എൻ |
| 30 | കൃഷ്ണദാസ് .എൻ |
| 31 | ജനാർദനൻ.പി |
| 32 | രാമചന്ദ്രൻ.കെ |
| | |

| | |
|---|---|
| 33 | കൃഷ്ണൻകുട്ടി.എസ് |
| 34 | രാജീവ്.പി.എച്ച് |

മേൽ കൊടുത്തിരിക്കുന്ന കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

9.) <u>തൊഴിൽനികുതി ഈടാക്കേണ്ടതാണ്</u>

താഴെപ്പറയുന്ന താത്കാലികജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

1. മുത്തുകൃഷ്ണൻ (ഡ്രൈവർ,പഞ്ചായത്ത്)

2. മൈക്കിൾ രാജ് (പമ്പ് ഓപ്പറേറ്റർ)

3. ശാന്തകുമാർ.എസ് "

4. കെ.അർജ്ജുനൻ,(പവർ ടില്ലർ ഡ്രൈവർ)

5. ഷിൽജ.പി (എൽ.എസ്.ജി.ഡി. ഓവർസീയർ)

6. ജാനകി(പി.ടി.എസ്)

ടി ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അധികൃതർ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

# 1-18 വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2018-2019 വർഷാവസാനം വരെ 4 കുടിവെള്ള പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് പരിപാലിച്ചു പോന്നിരുന്നത്. ഇതിൽ ഈശാനികോട് 144, പട്ടച്ചൻകാവ്- 56, തേനാരി -200, പ്ളാസംപതി-95 ഉൾപ്പെടെ ആകെ 495 ഗുണഭോക്താക്കളാണ് ഉള്ളത്. വാർഷിക കണക്കുകൾ പ്രകാരം ഈ നാല് പദ്ധതികളിൽ നിന്നും കുടിശ്ശികയിനത്തിൽ 318282/- രൂപ പിരിച്ചെടുക്കുവാനുണ്ട്. 30-5-2009 ലെ സ.ഉ(സാധാ)നം. 1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശപ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്-സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതും വെള്ളക്കരം കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/27.01.2020 ന് മറുപടിയായി ഈശാനികോട് കുടിവെള്ള പദ്ധതി 2019-2020 വർഷാദ്യം ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുണ്ടെന്നും കുടിശ്ശികയായിട്ടുള്ളവരിൽ നിന്നും കുടിവെള്ളകണക്ഷൻ കട്ട് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ച് കുടിശ്ശികമുഴുവൻ പിരിച്ചെടുക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശികപൂർണ്ണമായും പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ

എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

എ) ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

31.10.2017-ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതും ഉൽപാദനം, സേവനം എന്നിങ്ങനെ തരം തിരിക്കേണ്ടതും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിശ്ചയിക്കേണ്ടതുമാണ്. എന്നാൽ അപേക്ഷകളിൽ അത്തരത്തിൽ മൂലധനം രേഖപ്പെടുത്തി വാങ്ങുന്നില്ല. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിന പകരം വിറ്റുവരവ് അടിസ്ഥാനമാക്കിയാണ് ഫീസ് ഈടാക്കിയിട്ടുള്ളതും ലൈസൻസ് അനുവദിച്ചിട്ടുള്ളതും. കൂടാതെ ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല.

(ബി) പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകൾ, പാൽ സൊസൈറ്റികൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 ,132 എന്നിവ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക്, പാൽ സൊസൈറ്റികൾ എന്നിവയ്ക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എലപ്പുള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 13 റേഷൻ കടകളിൽ 1 എണ്ണം മാത്രമേ ലൈസൻസ് എടുത്തതായി കാണുന്നുള്ളൂ. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| s.no | Name of the Ration shop owner | ARD no. |
|---|---|---|
| 1 | K.Kumar | 79 |
| 2 | Balakrishnan | 80 |
| 3 | S.Manikandan | 81 |
| 4 | Abdul Jabbar | 84 |

| | | |
|---|---|---|
| 5 | Abdul Jabbar | 162 |
| 6 | Sudhakaran | 85 |
| 7 | Jayakrishnan | 163 |
| 8 | Subramaniyan | 82 |
| 9 | Prasad kumar | 83 |
| 10 | Prasad kumar | 168 |
| 11 | Sethumadhavan | 86 |
| 12 | S,Manikandan | 87 |

കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 10 ക്ഷീരോൽപാദനസഹകരണസംഘങ്ങളിൽ വെന്തപാളയം, രാമശ്ശേരി, കുളിയോട്, നെയ്ത്തല, തേനാരി എന്നീ സംഘങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

(സി)വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല.]

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 വർഷം യന്ത്രങ്ങളുടെ തുടർ നടത്തിപ്പിനു തുക ഒന്നും തന്നെ ഈടാക്കിയിട്ടില്ല. ഈടാക്കേണ്ടേയിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേരും, സ്ഥാപനത്തിന്റ പേരും, വാർഡ്/ കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തി യിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 1 | 2 | AbdulRasheed, SAPP Aggregates,11/395 | 240 HP | 300 |
| 2 | 4 | Amrutha flour & Rice mill, 14/297 | 10 HP | 100 |
| 3 | 6 | Divya sawmill , 1/504 | 40 HP | 400 |
| 4 | 9 | Sreekrishna ricemill, 4/427 | 10 HP | 100 |
| 5 | 10 | INDSIL Hydropower | 2500 HP | 25000 |
| 6 | 23 | Ahalia medicine manufacturing unit, 9/664 | 167 HP | 1700 |

| | | | | |
|---|---|---|---|---|
| 7 | 31 | Sathyabhama rice mill, 11/17 | 10 HP | 100 |
| 8 | 47 | Sivanunni, 8/70 | 10 HP | 100 |
| 9 | 49 | Haneefa ricemill, 20/116 | 40 HP | 400 |
| 10 | 68 | KPR Rice mill, 22/140,41,42 | 97.5 HP | 1000 |
| 11 | 107 | Leena haridas, 22/43 | 25 HP | 300 |
| 12 | 108 | Sahadevan, 3/438 | 10 HP | 100 |
| 13 | 118 | Sethumadhavan, 7/31 | 10 HP | 100 |
| 14 | 122 | Ravikumar, 4/4 | 27 HP | 300 |
| 15 | 120 | Star metals, 13/459 | 169.5 HP | 1700 |
| 16 | 123 | Lakshmi ricemill, 4/2 | 10 HP | 100 |
| 17 | 124 | Vivekananda ricemill, 16/145 | 10 HP | 100 |
| 18 | 129 | ESSPLAST UNIT, 6/396 | 10 HP | 100 |
| 19 | 132 | Surendran nair, 1/777 | 6.5 HP | 100 |
| 20 | 143 | Sukumaran.R, 11/422 | 22 HP | 300 |
| 21 | 145 | MASS polymers.7/528 | 350 HP | 3500 |
| 22 | 157 | Suresh ricemill, 1/90 | 10 HP | 100 |
| 23 | 159 | Navbharat systems, 6/46,47 | 113 HP | 1200 |
| 24 | 165 | Sreerama industries, 6/522 | 109 | 1100 |
| 25 | 166 | Greenway polymers, 7/586 | 350 HP | 3500 |
| 26 | 182 | Chandran, 14/270 | 6 HP | 100 |
| 27 | 184 | Kanakam, 4/68,69 | 20 HP | 200 |
| 28 | 188 | Excel Corrugated Boxes, | 208 HP | 2100 |
| 29 | 190 | Prabhakaran, | 10 HP | 100 |
| 30 | 201 | Sreekrishnamill,10/392 | 15 HP | 200 |
| 31 | 211 | Pipefield india, 6/577 | 670 HP | 6700 |
| 32 | 212 | Exim pipes, 7/512 | 500 HP | 5000 |
| 33 | 232 | Sivakumar,17/107 | 20 HP | 200 |
| 34 | 233 | Flyash bricks,11/444 | 75 HP | 800 |
| 35 | 239 | SalimHyder, 4/534 | 73 HP | 750 |

| | | | | |
|---|---|---|---|---|
| 36 | 254 | Sheeba,17/632 | 12 HP | 200 |
| 37 | 283 | Nandakumar, 6/22,23 | 470 | 4700 |
| 38 | 300 | Sreekrishna ricemill, 4/427 | 10 HP | 100 |
| 39 | 308 | Fathima, 13/493 | 30 HP | 300 |
| 40 | 309 | Rasheed, 13/494 | 55 HP | 600 |
| 41 | 313 | Haridas, 10/442 | 10 HP | 100 |
| | ആകെ | | | 63750/- |

(ഡി) ലൈസൻസ് അനുവദിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല

2018-19 വർഷം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് അനുവദിച്ച് നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ ചട്ടം 5എ, 12,13 പ്രകാരം ലൈസൻസിനുള്ള അപേക്ഷകൾ ലഭിച്ചതും സെക്ഷൻ ക്ലർക്ക് പ്രസ്തുത സ്ഥാപനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയത് സെക്രട്ടറി പരിശോധിച്ച് ലൈസൻസ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ലൈസൻസിനായുള്ള മിക്ക അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും സെക്രട്ടറിയുടെ അംഗീകാരവും ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്.

സ്ഥലപരിശോധന റിപ്പോർട്ട്, സെക്രട്ടറി അഭിപ്രായം, ഒപ്പ് എന്നിവ രേഖപ്പെടുത്താതെ ലൈസൻസ് അനുവദിച്ച ഏതാനും അപേക്ഷകരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകൻ | ലൈസൻസ് നം. |
|---|---|---|
| 1 | Rambabu kankani | 223,224/2018-19 |
| 2 | Noushad.p | 235/2018-19 |
| 3 | Kannan.R | 201/2018-19 |
| 4 | Mallilka Suresh | 129/2018-19 |
| 5 | Indsil Hydropower and Manganeese ltd | 10/2018-19 |
| 6 | Mohandas | 85/2018-19 |

(ഇ) ലൈവ്സ്റ്റോക്ക് ഫാമുകൾ- അപാകതകൾ

<u>1.ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.</u>

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി വച്ചുപോരുന്ന ഒരു രജിസ്റ്ററിൽ സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ എലപ്പുള്ളി ഗ്രാമ പഞ്ചായത്തിൽ ഇത്തരം ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

<u>2.ലൈവ് സ്റ്റോക്ക് ഫാം അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.</u>

2018-19 വർഷം റോയൽ പൗൾട്ടി ഫാം കെട്ടിട നമ്പർ-13/460, 461 ന് ലൈവ്സ്റ്റോക്ക് ഫാമിന് ലൈസൻസ് നൽകിയിട്ടുണ്ട് എന്നാൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനുവേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫാറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും അപേക്ഷയിൽ, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ വിസ്തീർണ്ണം ഉൾപ്പെടെ), ഉദ്ദേശിക്കുന്ന മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതും കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതുമാണ്. അപേക്ഷ കിട്ടി മുപ്പതുദിവസം അവസാനിക്കുന്നതിനുമുമ്പ് അപേക്ഷയിൻമേൽ സെക്രട്ടറി അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതും അനുമതി നൽകിക്കൊണ്ടോ നിഷേധിച്ചുകൊണ്ടോ ഉള്ള ഉത്തരവ് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനുശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ സഹിതം അവതരിപ്പിക്കേണ്ടതുമാണ്. ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് 6-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള ഏതൊരാളും, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തി നിബന്ധനകൾ അപേക്ഷകൻ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് തനിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അപേക്ഷിച്ച പ്രകാരം, ഫാറം 3-ൽ ലൈസൻസ് നൽകുകയോ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ചട്ടപ്രകാരമുള്ള മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ലൈസൻസ് അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്.

3.<u>ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.</u>

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി

ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയതായി കാണുന്നില്ല.

(എഫ്) അഗ്നിസേനാവകുപ്പിൽനിന്നുള്ള ക്ളിയറൻസ് ലഭിക്കാതെ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 6 പ്രകാരം അഗ്നിസേനാവകുപ്പിൽനിന്നുള്ള ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളിൽപ്പെടുന്ന താഴെപ്പറയുന്നസ്ഥാപനങ്ങൾക്ക് അഗ്നിസേനാവകുപ്പിൽനിന്നുള്ള ക്ലിയറൻസ് ലഭ്യമാക്കാതെ ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നു.

1. Indsil Hydropower and manganeese ltd

2.Mas make polymers

3. Navbharat Systems

4. Sreerama Industries

5. Greenway polymers

6. Excel corrugated boxes

7. Pipefield india

8. Eximpipes

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 4/22.01.2020 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.
2. റേഷൻ കടകൾ, ക്ഷീര സംഘങ്ങൾ എന്നിവയുൾപ്പെടെ ലൈസൻസ് കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ലൈസൻസ് കൂടതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്.

4. അപേക്ഷകളിൽ സ്ഥലപരിശോധന റിപ്പോർട്ട്,ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം എന്നിവ രേഖപ്പെടുത്തേണ്ടതാണ്.
5. ഉറവിടമാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.
6. ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകുമ്പോൾ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.
7. അഗ്നിസേനാവകുപ്പിൽനിന്നുള്ള ക്ളിയറൻസ് ആവശ്യമുള്ള ഫാക്ടറികൾക്ക് ലൈസൻസ് പുതുക്കി നൽകുമ്പോൾ ക്ളിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-20 വാടക ബൈലോ തയ്യാറാക്കേണ്ടതാണ്.

എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റ ആസ്തിയിൽപെട്ട ഷോപ്പിംഗ് കോംപ്ളക്സിലെ 7 കടമുറികൾ, കമ്മ്യൂണിറ്റി ഹാൾ, വനിതാകാന്റീൻ, എന്നിവ വാടകക്ക് കൊടുക്കുന്നുണ്ട്. എന്നാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ് , 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരം കെട്ടിടങ്ങൾ വാടകയ്ക്ക് നല്കുന്നതിനുള്ള ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ മുറികൾ വാടകക്കു നൽകുന്നത് സംബന്ധിച്ച ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.18/27.01.2010)

# 1-21 പശുവളർത്തൽ പദ്ധതി- വിൽപനക്കാരന് തുക അനുവദിച്ചതിന് രേഖ ഇല്ല

നിർവ്വഹണം- വെറ്ററിനറി സർജൻ

ജനറൽ/ എസ് സി വിഭാഗത്തിൽപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് കറവയുള്ള പശുക്കളെ വാങ്ങി നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കറവയുള്ള പശുവിന് 55000 രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കി ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് 50% നിരക്കിലും എസ് സി വിഭാഗത്തിൽപ്പെട്ടവർക്ക് 75% നിരക്കിലും സബ്സിഡി അനുവദിച്ചിട്ടുണ്ട്. ലോൺ ബന്ധിതമായിട്ടാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ലോണനുവദിച്ച എലപ്പുള്ളി സർവീസ്

സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.00220730001032) താഴെപ്പറയും പ്രകാരം വികസനഫണ്ട് നൽകിയിട്ടുണ്ട്.

| പ്രൊജക്ട് നം. | അടങ്കൽ | ചെലവ് | ബിൽനം. | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 135/19(ജനറൽ) | 687500 | 605000 | 4/27.3.2019 | 22 പേർക്ക് 27500 പ്രകാരം |
| പ്രൊജക്ട് നം.137/19(എസ് സി പി ) | 2415000 | 1365000 | 5/27.3.2019 | 39 പേർക്ക് 35000 രൂപ പ്രകാരം |

സബ്സിഡി മാർഗരേഖ സ.ഉ (കൈ) 22/2018/തസ്വഭവ, തീയതി-14.2.2018പ്രകാരം ഗുണഭോക്താക്കൾക്ക് പശുക്കളെ നൽകിയ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബാങ്കിൽ നിന്നും വിൽപനക്കാരന് തുക അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി (നം.15/27.1.2020) നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക 1970000/-രൂപ തടസപ്പെടുത്തുന്നു.

# 1-22 പാലിന് സബ്സിഡി പ്രോജക്റ്റ് - പദ്ധതി വിഹിതചെലവിൽ ഗണ്യമായ കുറവ്

പഞ്ചായത്ത് പരിധിയിലെ ക്ഷീരോദ്പാദനം വർദ്ധിപ്പിക്കുക, ക്ഷീരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ആവിഷ്കരിക്കപ്പെട്ടതാണ് പാലിന് സബ്സിഡി എന്ന പ്രൊജക്റ്റ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റിന്റെ നം. - 139/19

നിർവ്വഹണോദ്യോഗസ്ഥ - ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രൊജക്റ്റ് വിഭാഗം - ജനറൽ

ആകെ അടങ്കൽ തുക – 1600000 രൂപ (വികസനഫണ്ട്- 600000 രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 500000 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം - 500000 രൂപ)

പാലുല്പാദനത്തിന് ഇൻസെന്റീവ് ലിറ്ററിന് 3 രൂപ നിരക്കിൽ നല്കുന്നതിന് പദ്ധതി തുക വകയിരുത്തുന്നതിനായി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 23/03/2018 ശുപാർശ ചെയ്യുകയും 1-ാം നം. തീരുമാനമായി 23/03/2018ന് ഈ പ്രൊജക്റ്റിന് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ, മൊത്തം 1600000 രൂപ അടങ്കൽ തുകയായ ഈ പ്രൊജക്റ്റിൽ , 5.04 % ആയ 80675 രൂപ മാത്രമാണ് 2018-19 സാമ്പത്തികവർഷത്തിൽ, പദ്ധതിയ്ക്കായി വിനിയോഗിച്ചിട്ടുള്ളത്. പദ്ധതി വിഹിതചെലവിൽ ഗണ്യമായ കുറവാണ് 2018-19 വർഷത്തിൽ ഉണ്ടായിട്ടുള്ളത്. ബാക്കിയുള്ള ചെലവ് തുകയായ 519325രൂപ, ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളത് 30/3/2019 ൽ ആണ്. ബിൽ

നല്കാൻ ഇത്രയും കാലതാമസം വന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/27.01.2020) ഡയറി ഫാം ഇൻസ്ട്രക്ടർ ലഭ്യമാക്കിയ മറുപടിയിൽ ടിയാൾ ചാർജ്ജ് ഏറ്റെടുത്തത് 05/03/2018 തിയതിയിലാണെന്നും ചുരുങ്ങിയ സമയം കൊണ്ട് പഞ്ചായത്തിലെ പത്ത് ക്ഷീരസംഘങ്ങളിൽ നിന്നും കർഷകരുടെ വിവരങ്ങൾ, പാലളവ്, മാപ്പിങ്, റിക്വിസിഷൻ മുതലായ അടിസ്ഥാന വിവരങ്ങൾ ക്രോഡീകരിക്കേണ്ടി വന്നതിനാലും കൃത്യമായ ഷെഡ്യൂൾ അനുസരിച്ച് നടത്തേണ്ട പദ്ധതി നിർവ്വഹണം ചുരുങ്ങിയ കാലയളവിൽ നടപ്പിലാക്കേണ്ടി വന്നതിനാലുമാണ് 2018-19 കാലയളവിൽ പദ്ധതി ചെലവിൽ കുറവ് വരാനിടയായത് എന്നുമാണ് വിശദമാക്കിയിട്ടുള്ളത്. ബിൽ നല്കാൻ കാലതാമസം വന്നതും ഇക്കാരണത്താലാണ് എന്നുമാണ് അറിയിച്ചിരിക്കുന്നത്. പ്രൊജക്റ്റ് കൃത്യമായ സമയക്രമമനുസരിച്ച് ഏറ്റെടുത്ത് പൂർത്തീകരിക്കാൻ നിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ്, പ്രൊജക്റ്റുകൾ ശരിയായ രീതിയിൽ കൃത്യമായ സമയക്രമം പാലിച്ചുതന്നെയാണ് നടപ്പിലാക്കപ്പെടുന്നത് എന്ന കാര്യം വിലയിരുത്തേണ്ടതാണ്.

# 1-23 മറ്റ് ഏജൻസികൾ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

എ)കന്നുകുട്ടി പരിപാലനപദ്ധതി

കന്നുകുട്ടികളുടെ ആരോഗ്യ പരിപാലനത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ 23/19 എന്ന പ്രൊജക്റ്റിനായി താഴെപ്പറയും തുക വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 650000/- |
| സംസ്ഥാനാവിഷ്കൃത പരിപാടി | 650000/-- |
| ഗുണഭോക്തൃ വിഹിതം | 1300000 |
| ആകെ അടങ്കൽ | 2600000 |

ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയ്യതി | ചെലവ് |
|---|---|
| 3/18-19/12/11/2018 | 650000 |

ഈ പദ്ധതിക്കായി പ്രായം 6 മാസം മുതൽ 8 മാസം വരെ പ്രായമുള്ള 104 കന്നുകുട്ടികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. 30 മാസം വരെയാണ് ഇവയ്ക്ക് കാലി തീറ്റ കൊടുത്ത് വരുന്നത്. ഈ

കാലയളവിൽ കാലി തീറ്റ വിതരണത്തിനായി 6250 രൂപയാണ് ഒരു കന്നുകുട്ടിക്ക് സബ്സിഡിയായി നൽകുന്നത്. ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 650000/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിലേക്കായി അസിസ്റ്റന്റ് ഡയറക്ടർക്ക് NEFT മുഖേന കൈമാറിയിട്ടുണ്ട്.
(അക്കൗണ്ട് നം.71402140000008).

ഈ പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ടും, ധനവിനിയോഗ സാക്ഷ്യപത്രവും പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി)എ ബി സി പ്രോഗ്രാം

പ്രൊജക്ട് നം.32/19

തെരുവ് നായ നിയന്ത്രണത്തിനായി ആവിഷ്കരിച്ചിട്ടുള്ള എ ബി സി പദ്ധതിപ്രകാരം ട്രഷറി ബിൽനം. 1/13.8.2018 പ്രകാരം 350000 രൂപ പിൻവലിച്ച് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ടി എസ് ബി അക്കൗണ്ടിലേക്ക് (നം.79901140002200) നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.15/27.1.2020)

# 1-24 ഗ്രാമീണ പഠനകേന്ദ്രം കെട്ടിട നിർമ്മാണം(288/19)

പദ്ധതി - ഗ്രാമീണ പഠനകേന്ദ്രം കെട്ടിട നിർമ്മാണം(288/19)

അടങ്കൽ - 3155335(തനത് ഫണ്ട്), 8256997(മറ്റുള്ളവ)=11412332

ചെലവ് - 2590916+ 6401084=8992000
നിർവ്വഹണം – സെക്രട്ടറി

ബഹുവർഷ പ്രോജക്ടായ ഗ്രാമീണ പഠനകേന്ദ്രം കെട്ടിട നിർമ്മാണം പ്രവൃത്തിക്കുവേണ്ടി തൻവർഷം 11412332/- രൂപ അടങ്കൽ വച്ചതിൽ 8992000/- രൂപ ചെലവുണ്ട്. തനത് ഫണ്ട്, ഗ്രീൻ കേരള അവാർഡ് തുക എന്നിവയാണ് ഫണ്ടുകൾ. കെട്ടിട നിർമ്മാണ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡ്, തൃശ്ശൂർ എന്ന സ്ഥാപനമാണ് നടത്തുന്നത്. പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഓഡിറ്റോറിയം, ഗസ്റ്റ് ഹൗസ് എന്നിവയുടെ കോസ്റ്റ് ഫോർഡ് തയ്യാറാക്കിയ 24370000/-രൂപയുടെ എസ്റ്റിമേറ്റ് പഞ്ചായത്ത് ഭരണസമിതി തീരുമാനം നം.5(1),തിയതി 26.6.2018 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം ഓഡിറ്റോറിയത്തിന് 20150000/-രൂപ, ഗസ്റ്റ് ഹൗസിന് 4220000 രൂപ എന്ന പ്രകാരമാണ്. ടെക്നിക്കൽ സാങ്ഷൻ നം.107/2018-19/16.10.2018.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി 15.11.2018 തിയതിയിൽ കോസ്റ്റ് ഫോർഡ് ഡയറക്ടറുമായി എഗ്രിമെന്റ് (നം.1398/2018-2019) വച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം ആദ്യത്തെ നാല് ഗഡുക്കൾ

എസ്റ്റിമേറ്റ് തുകയുടെ 20% എന്ന ക്രമത്തിൽ ഓരോ ഗഡുവിന്റെയും യൂട്ടിലൈസേഷൻ ഹാജരാക്കുന്ന മുറയ്ക്കും, അവസാന ഗഡു 10% അവസാന ബിൽ അപ്രൂവൽ ആവുന്ന മുറയ്ക്കും നൽകുന്നു. എഗ്രിമെന്റ് വെച്ച് ഒരാഴ്ച്ചകം സൈറ്റ് കൈമാറണം എന്നാണ് വ്യവസ്ഥ എന്നാൽ സൈറ്റ് കൈമാറിയതിന്റെ രേഖ ഫയലിൽ ഇല്ല. സൈറ്റ് കൈമാറിയതിനുശേഷം പ്രവൃത്തി പൂർത്തികരണ കാലയളവ് എഗ്രിമെന്റിൽ പറയുന്നില്ല. ഓഡിറ്റ് അന്വേഷണം നം.14/27.1.2020 നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ഫയൽ പരിശോധിച്ചതിൽ പദ്ധതിയിടെ എസ്റ്റിമേറ്റ് ആദ്യം നിർമ്മിതികേന്ദ്ര, പാലക്കാടിന്റെ എസ്റ്റിമേറ്റ് (കമ്മ്യൂണിറ്റിഹാൾ - 21110000, ടോയലറ്റ് ബ്ലോക്ക് 2 എണ്ണം - 1100000, ബോർവെൽ - 270000 )ആകെ 22480000/- രൂപയുടെത് ഭരണസമിതി തീരുമാനം.നം.3, തിയതി 17.1.2018 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 22480000/-രൂപയ്ക്കാണ് പദ്ധതി അടങ്കൽ അംഗീകാരം ലഭ്യമായിട്ടുള്ളത്. പിന്നീട് നിർമ്മിതികേന്ദ്ര, പാലക്കാടിനെ ഒഴിവാക്കുന്നതിനും കോസ്റ്റ് ഫോർഡ്, തൃശ്ശൂർ എന്ന സ്ഥാപനത്തെ നിർവ്വഹണം ഏൽപ്പിക്കുന്നതിനും, അവരുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും ഇടയായ സാഹചര്യം കാണിക്കുന്ന രേഖകൾ, പഞ്ചായത്ത് ഭരണസമിതി തീരുമനം എന്നിവ ഫയലിൽ ഇല്ല. ഓഡിറ്റ് അന്വേഷണം നം.14/27.1.2020 നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് കാലയളവിൽ ആകെ എസ്റ്റിമേറ്റ് തുകയുടെ 40 ശതമാനം 8992000/- രൂപ രണ്ട് ഗഡുക്കളായി നൽകിയിട്ടുണ്ട്. (വൗച്ചർ നം.21800852/27.11.18 – 4496000/-, വൗച്ചർ നം.21801272/14.3.19 – 1905084/-, വൗച്ചർ നം.21801272/14.3.19 – 1905084/-, വൗച്ചർ നം.21801273/14.3.19 – 2590916/-)

നാളിതുവരെയുള്ള മേൽ പ്രവൃത്തിയുടെ പുരോഗതി വിവരം ലഭ്യമാക്കാൻ രേഖാമൂലം ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമാക്കിയില്ല.

കെട്ടിടത്തിന്റെ പൂർത്തീകരണം കാര്യക്ഷമമായ രീതിയിൽ, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെയും, ഭരണസമിതിയുടെയും ഭാഗത്തുനിന്നും തുടർ നിരീക്ഷണങ്ങൾ ഉണ്ടാവേണ്ടതാണ്.

# 1-25 ഡെപ്പോസിറ്റ് പ്രവർത്തികളുടെ പൂർത്തികരണം

സെക്രട്ടറി നിർവ്വഹണം ചെയ്ത താഴെ പറയുന്ന വിവിധ പദ്ധതികൾക്കു വേണ്ടി ഡെപ്പോസിറ്റ് ചെയ്ത, കൈമാറിയ തുകകളുടെ വിനിയോഗം/ പ്രവർത്തികളുടെ പൂർത്തികരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയവ ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.24/28.1.2020 നൽകിയതിന് മറുപടി ലഭ്യമായിട്ടില്ല.

| പദ്ധതി | തുക | ട്രഷറി ബിൽ | തുക നൽകിയ സ്ഥാപനം |
|---|---|---|---|
| രാമശ്ശേരി കുടിവെള്ള പദ്ധതി | 980000 | 25/19.11.2018 | കേരള വാട്ടർ അതോറിറ്റി |

| | | | |
|---|---|---|---|
| കെ.ഡബ്ള്യ.എ ബന്ധിപ്പിക്കൽ (179/19) | | | |
| കൊട്ടിൽപ്പാറ കുടിവെള്ള പദ്ധതിതി കെ.ഡബ്ള്യ. എ ബന്ധിപ്പിക്കൽ(180/19) | 310000 | 19/4.10.18 | കേരളവാട്ടർ അതോറിറ്റി |
| പള്ളവക്കാട് അംഗനവാടിക്ക് മുകളിലൂടെ പോകുന്ന വൈദ്യുതിലൈൻ മാറ്റി സ്ഥാപിക്കൽ(329/19) | 18104 | 44/27.3.2019 | കെ.എസ്.ഇ.ബി. |

# 1-26 തെരുവ് വിളക്കുകളുടെ പരിപാലനം

എ) <u>തെരുവ് വിളക്കുകളുടെ വിവരം</u>

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് ആയി 2018-19 സാമ്പത്തിക വർഷം 821995/-രൂപ അടവാക്കിയിട്ടുണ്ട്. വിവിധ വാർഡുകളിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, പോസ്റ്റ് നമ്പർ എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തെരുവു വിളക്കുകളുടെ കൃത്യത ഉറപ്പാക്കാനായി വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ യഥാർത്ഥത്തിൽ നിലവിലുള്ള ലാമ്പുകളുടെ കണക്ക് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് ( നം.10/24.1.2020) ലഭ്യമാക്കിയ മറുപടിയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

മീറ്റർ സ്ഥാപിച്ചതിന്റെ വിവരം

തെരുവ് വിളക്കുകൾക്ക് ഭാഗികമായിമാത്രമെ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളൂ. പഞ്ചായത്തിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കെ.എസ്.ഇ.ബിയുടെ മൂന്ന് സെക്ഷനു കീഴിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയതിന്റെ വിവരങ്ങൾ:

കെ.എസ്.ഇ.ബി എലപ്പുള്ളി - മീറ്ററുള്ളത് - 55

മീറ്ററില്ലാത്തത് - 1

കെ.എസ്.ഇ.ബി വാളയാർ - എല്ലാ തെരുവ് വിളക്കിനും മീറ്ററുണ്ട്.

കെ.എസ്.ഇ.ബി കൊഴിഞ്ഞാമ്പാറ - മീറ്ററുള്ളത് - 3

മീറ്ററില്ലാത്തത് - 1

മീറ്ററിംഗ് സംവിധാനം പൂർണ്ണമാക്കുന്നതിനു വേണ്ടി കെ.എസ്.ഇ.ബി യിൽ തുക അടവാക്കിയിട്ടുണ്ടെന്നും, ആയത് പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

- വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് വൈദ്യുതി ചാർജ്ജ് ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

- ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ തദനുസൃതമായ മാറ്റങ്ങൾ വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

- പഞ്ചായത്തിലെ എല്ലാ ലാമ്പുകളും മീറ്ററിനു കീഴിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പൂർത്തീകരിക്കേണ്ടതാണ്.

- എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

- തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) <u>പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ</u>

പദ്ധതി – സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (188/19)

അടങ്കൽ - 1364000(ധനകാര്യകമ്മിഷൻ ഗ്രാന്റ് )

ചെലവ് - 1360380
നിർവ്വഹണം – സെക്രട്ടറി

2017-18 ലെ സ്പിൽ ഓവർ പ്രോജക്റ്റായി നടപ്പിലാക്കിയ പദ്ധതിയാണിത്. പദ്ധതി പ്രകാരം എണ്ണം 40 സോളാർ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ ഹൈക്കോൺ ഇന്ത്യ ലിമിറ്റഡ്, തൃശ്ശൂർ എന്ന സ്ഥാപനം മുഖേനയാണ് സ്ഥാപിച്ചിരിക്കുന്നത്.

പദ്ധതി രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1.പദ്ധതിപ്രകാരം പഞ്ചായത്ത് പരിധിയിൽ എതെല്ലാം സ്ഥലങ്ങളിലാണ് സോളാർ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ടത് എന്ന് ആദ്യമേ തീരുമാനിച്ചതായി കാണുന്നില്ല.

2.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ ഇല്ല.

3.സോളാർ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ പഞ്ചായത്തിന്റെ ആസ്തിയായി തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്ററിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല.

4.നിലവിൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സോളാർ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകളും പ്രവർത്തിക്കുന്നുണ്ടോ , പ്രവർത്തിക്കാത്തവയുടെ എണ്ണം,കാരണം , പരിഹരിക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ എന്നിവയുടെ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

5. പ്രധാനമായും സ്ട്രീറ്റ്മെയിൻ ഇല്ലാത്ത സ്ഥലങ്ങളിലാണ് സോളാർ വിളക്കുകൾ സ്ഥാപിക്കുന്നതിന് ആദ്യം പരിഗണിക്കേണ്ടതും, പദ്ധതികൾ നടപ്പിലാക്കേണ്ടതും. അവ പഞ്ചായത്തിന്റെ ആസ്തിയായി സംരക്ഷിക്കേണ്ടതുമാണ്. സോളാർ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ ലിസ്റ്റ് പരിശോധിച്ചതിൽ സ്ട്രീറ്റ്മെയിൻ ഉള്ള സ്ഥലങ്ങളിലാണ് സോളാർ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതായി കാണുന്നത്. സ്ട്രീറ്റ്മെയിൻ ഉള്ള സ്ഥലങ്ങളിൽ വൈദ്യുതി ചാർജ്ജ് കുറവ് വരുന്ന എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ് .

6. സോളാർ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടറുകൾ അംഗീകരിക്കുമ്പോൾ ഗുണ നിലവാരം ഉറപ്പുവരുത്തി നിശ്ചിത വാറണ്ടി കാലാവധി മുഴുവനും തൃപ്തികരമായ തുടർ സേവനം ലഭ്യമാവും എന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.
തെരുവ് വിളക്കുകളുടെ പരിപാലനം പഞ്ചായത്തിന്റെ സേവന മേഖലയിൽ വരുന്ന പ്രവ്രുത്തനമായതിനാൽ കുറഞ്ഞ ചെലവിൽ പരമാവധി സേവനം ലഭ്യമാവുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രത്യക പരിഗണന നൽകേണ്ടതുണ്ട്.

# 1-27 ലൈഫ് പദ്ധതി അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭ്രരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം

- മാനസിക വെല്ലുവിളി നേരിടുന്നവർ / അന്ധർ / ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര / മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ

- രോഗം / അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

2018-19 വർഷത്തിൽ എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>ലൈഫ് പദ്ധതി ഒന്നാംഘട്ടം</u>

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തൻവർഷം പ്രൊജക്ട് നം.198/19 പ്രകാരം ലൈഫ് മിഷൻ പദ്ധതി എന്ന പേരിൽ ജനറൽ വിഭാഗത്തിൽ 1010000രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 33 ഗുണഭോക്താക്കളിൽ എല്ലാവരും ഭവനനിർമാണം പൂർത്തീകരിച്ചിട്ടുണ്ട്.

<u>ലൈഫ് പദ്ധതി രണ്ടാം ഘട്ടം</u>

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിരുന്നത്. 324പേരുടെ ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 307പേരും എസ് സി 17പേരും ഉൾപ്പെട്ടതിൽ എസ്.സി വിഭാഗത്തിൽ 11 ഗുണഭോക്താക്കളും ജനറൽ വിഭാഗത്തിൽ 304പേരും ഉൾപ്പെടെ ആകെ 315 പേരാണ് തൻവർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്.
ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.
ആകെ 4 ഗഡുക്കളായി തുക അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ലോൺ, എന്നിവയാണ് ഫണ്ട് സ്രോതസ്സുകൾ . സംസ്ഥാനാവിഷ്കൃതവിഹിതം 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല

a) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (പ്രൊജക്ട് നം.100/19)-ജനറൽ

| ഫണ്ട് | അടങ്കൽ | 2018-19 വർഷത്തെ ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 6400000 | 6400000 |
| ബ്ലോക്ക് പഞ്ചായത്ത് | 1993000 | 1910896 |
| ജില്ലാ പഞ്ചായത്ത് | 2549104 | 2549104 |
| മറ്റിനം(വായ്പ്പ) | 143057896 | 32220000 |
| ആകെ | 154000000 | 43080000 |

എ)ലഭ്യമായ ബ്ലോക്ക് വിഹിതത്തിൽനിന്നും യഥാർത്ഥത്തിൽ 1940896 രൂപ ചെലവുണ്ടെങ്കിലും സുലേഖ സോഫ്റ്റ്‌വെയർ പ്രകാരം 30000 രൂപ കുറവായാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് (ചെക്ക് നം.3098134/2.3.2019 പ്രകാരമുള്ള ചെലവ് രേഖപ്പെടുത്തിയിട്ടില്ല). പദ്ധതിയിൽ ഉൾക്കൊള്ളിക്കാതെ ചെലവ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ജനറൽ വിഭാഗത്തിലെ 304 ഗുണഭോക്താക്കളിൽ നാളിതുവരെ 31 ഗുണഭോക്താക്കൾ മാത്രമാണ് മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

b) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (2/19)- എസ്.സി.പി

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 3600000 | 2060000 |
| ബ്ലോക്ക് പഞ്ചായത്ത് | 1157000 | - |
| ജില്ലാപഞ്ചായത്ത് | 734438 | - |
| ആകെ | 5491438 | 2060000 |

എ)ഈ പദ്ധതിക്കായി ബ്ലോക്ക് വിഹിതം തുക 1157000 രൂപയും ജില്ലാപഞ്ചായത്ത് വിഹിതമായി 734438 രൂപയും ലഭ്യമായിട്ടുണ്ടെങ്കിലും തുക വിനിയോഗിച്ചിട്ടില്ല. തുക വിനിയോഗിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2018-19 വർഷത്തിൽ 11 പേർമാത്രമാണ് എഗ്രിമെന്റ് വെച്ചതെന്നും പ്ലാൻ ഫണ്ടിൽ ആവശ്യമായ തുക ഉണ്ടായിരുന്നതിനാൽ ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതം ഉപയോഗിക്കേണ്ടിവന്നില്ല എന്നും 2019-20 വർഷത്തിൽ തുകകൾ വിനിയോഗിച്ചുവരുന്ന എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ബി) 2018-19 വർഷത്തിൽ എഗ്രിമെന്റ് വെച്ച 11 ഗുണഭോക്താക്കളിൽ 1 ഗുണഭോക്താവ് മാത്രമേ മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളൂ.

<u>ഹഡ്കോലോൺ</u>

2018-19 ൽ 58960000രൂപ ഹഡ്കോയിൽ നിന്നും KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക ഗ്രാമപഞ്ചായത്തിന്റ തനത് ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിലാണ് (അക്കൗണ്ട്നം.36253958060 എസ് ബി ഐ ) നിക്ഷേപിച്ചിട്ടുള്ളത്.

എ) ലഭ്യമായ ലോൺതുകയിൽ 2018-19 വർഷത്തിൽ 32220000 രൂപ മാത്രമാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത്. ബാക്കി തുക 26740000 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ച് സാമ്പത്തികവർഷം അവസാനിച്ചതിനുശേഷമാണ് ചെലവഴിച്ചിട്ടുള്ളത്.

ബി) ഗ്രാമപഞ്ചായത്തിന്റെ സുലേഖയിൽനിന്നുള്ള ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 വർഷത്തിലെ ലോണിനത്തിലുള്ള ചെലവ് 32220000 രൂപ മാത്രമാണ്. 10.1.2019 തീയതിയിൽ നൽകിയ 7776652 രൂപയുടെ ചെലവ് സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്റ്റിൽ

ലോൺതുക ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നും 7776652 രൂപയുടെ ബിൽ ഓൺലൈൻ വഴിയല്ലാതെ എടുത്തതിനുശേഷമാണ് ലോൺ വിഹിതം ഉൾപ്പെടുത്തി പ്രൊജക്ട് റിവൈസ് ചെയ്തതെന്നും ഈ തുകയുടെ ചെലവ് 2019-20 വർഷത്തിലെ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ലോണിനത്തിലെ ബാക്കി തുക അടുത്ത സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥൻ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

സി) കെ യു ആർ ഡി എഫ് സി ലോണിന് പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല.

<u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല. 2019-20 വർഷത്തിൽ 10000000 രൂപ ലഭ്യമായിട്ടുണ്ട്.

<u>ഭവന നിധി രൂപീകരിച്ചിട്ടില്ല</u>

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. നാളിതുവരെ ഭവനനിധി രൂപീകരിച്ചിട്ടില്ല.

<u>മോണിറ്ററിംഗ്</u>

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

5. ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
   തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6. ലഭ്യമാകുന്ന ലോൺ തുക യഥാസമയം തന്നെ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

(ഓഡിറ്റ് എൻക്വയറി നം.23/28.1.2020)

# 1-28 പഞ്ചായത്ത് ലൈബ്രറിക്ക് സിഡി വാങ്ങിയത് ഉപയോഗപ്പെടുത്തേണ്ടതാണ്

പദ്ധതി - എലപ്പുള്ളി പഞ്ചായത്ത് ലൈബ്രറിക്ക്, പുസ്തകം, സിഡി റാക്ക്, സിഡി (299/19)

അടങ്കൽ – 50000 – പ്ലാൻ ജനറൽ

ചെലവ് – 50000-ട്രഷറി ബിൽ നം.34/14.3.2019

നിർവ്വഹണം – സെക്രട്ടറി

തുക ചെലവ് ചെയ്തിരിക്കുന്നത് താഴെ പറയുന്നവ വാങ്ങുന്നതിനു വേണ്ടിയാണ്.

പുസ്തകം – 25000/-

സി.ഡി –16500/-

സി.ഡി റാക്ക് –8500/-

പദ്ധതി പ്രകാരം 16500/-രൂപ പഞ്ചായത്ത് ലൈബ്രറിക്ക് സിഡി വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. സിഡി ഉപയോഗപ്പെടുത്തുന്നതിന് പ്രൊജക്റ്റർ അനുബന്ധ ഉപകരണങ്ങൾ ഇല്ലാത്തതിനാൽ നാളിതുവരെയായും ഉപയോഗപ്പെടുത്താതെ സ്റ്റോക്കിൽ വച്ചിരിക്കുകയാണ്. ഓഡിറ്റ് അന്വേഷണം നം.14/27.1.2020 നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ പുതിയ ലൈബ്രറി പ്രവർത്തനം ആരംഭിക്കുന്നതോടെ പ്രൊജക്റ്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിച്ച് സിഡി ഉപയോഗപ്പെടുത്തുന്നതാണ് എന്ന മറുപടിയാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വിശദീകരണം. നടപടികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-29 നാടകോൽസവം,സാഹിത്യക്യാമ്പ്,പഠനയാത്ര, ചിത്രരചനാക്യാമ്പ്-എന്നിവക്കായി പദ്ധതിഫണ്ട് വിനിയോഗിച്ചു

നിർവ്വഹണം- ഹെഡ്മാസ്റ്റർ

പ്രൊജക്ട് നം.83/19

അടങ്കൽ-200000

ചെലവ്-178066(വികസനഫണ്ട്)

ട്രഷറി ബിൽനം.8/23.11.2018,തുക-44774

ട്രഷറി ബിൽനം.9/14.1.2019,തുക-113364

ട്രഷറി ബിൽനം.15/28.3.2019,തുക-19928

ഈ പദ്ധതിപ്രകാരം താഴെപ്പറയുന്ന ഇനങ്ങൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്.

| ഇനം | ചെലവഴിച്ച തുക | ആവശ്യം |
|---|---|---|
| ചിത്രരചനാ ക്യമ്പ് | 44774 | മൂന്ന്പേർക്ക് വേതനം നൽകുന്നതിന് -9500,<br>ഭക്ഷണ ച്ചെലവ്-16460,<br>ഫോട്ടോ -2500<br>ഡ്രോയിംഗ് സാധനങ്ങൾ-9870 |
| സാഹിത്യ ക്യാമ്പ് | 19928 | ഭക്ഷണചെലവ് |
| നടനവീട് | 83314 | മൂന്ന് പേർക്ക് വേതനം നൽകുന്നതിന്-31800,<br>ഭക്ഷണ ച്ചെലവ്-22089<br>ഫോട്ടോ -4750<br>നാടകത്തിനുള്ള വസ്ത്രം -18375<br>വളണ്ടിയർക്കുള്ള വേതനം-3000<br>നോട്ടീസ് പ്രിന്റിംഗ് ചെലവ്- 3300 |
| പഠനയാത്ര | 30050 | ഭക്ഷണം, എൻട്രി ഫീസ്, ബാനർ എന്നിവക്ക്-10550<br>പറമ്പിക്കുളം യാത്ര ബസ് ഫീസ്-19500 |

<u>നടനവീട്</u>

ഈ പ്രവർത്തനം നടത്തിയതിൽ റിഫ്രഷ്മെന്റ് ചെലവുകൾ, പരിശീലകർക്കുള്ള വേതനം, സാധനസാമഗ്രികൾ വാങ്ങൽ എന്നിവയ്ക്കാണ് തുകകൾ ചെലവഴിച്ചിരിക്കുന്നത്. നടനവീട് എന്ന പേരിൽ 22.12.2018 മുതൽ 29.12.2018 വരെ 6 ദിവസത്തെ നാടകപരിശീലന ക്യാമ്പ് സംഘടിപ്പിച്ച് 3 പേർക്ക് വേതനം നൽകിയിട്ടുണ്ട്. 6 ദിവസത്തെ വേതനം നൽകുന്നതിനായി 31800 രൂപയാണ് ചെലവ് ചെയ്തിട്ടുള്ളത്. കൂടാതെ നാടകത്തിനുള്ള 50 കുട്ടികൾക്കുള്ള വസ്ത്രം വാങ്ങുന്നതിനായി 18375 രൂപ ഉമാനാഥ്.ഡി എന്ന വ്യക്തിക്ക് നൽകിയിരിക്കുന്നു. പദ്ധതിമാർഗരേഖ പ്രകാരം വസ്ത്രങ്ങൾ നൽകാവുന്നത് സ്പോർട്സ് ജഴ്സിക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മാത്രമാണ്. ഒരു പരിശീലകന് പ്രതിദിനം 2500 രൂപ വീതവും ഒരാൾക്ക് 2000 രൂപ വീതവും മൂന്നാമത്തെ വ്യക്തിക്ക് 800 രൂപ വീതവുമാണ് 6 ദിവസത്തേക്ക് പരിശീലന ഫീസ് കണക്കാക്കി നൽകിയിട്ടുള്ളത്. ഇത്തരത്തിൽ പരിശീലന ഫീസ് നിശ്ചയിച്ചതിട്ടുള്ളത് പ്രത്യേകിച്ച് ഒരു മാനദണ്ഡവും അനുസരിച്ചല്ല. സ.ഉ(കൈ) നം.22/2018/ തസ്വഭവ,14.2.2018 മാർഗരേഖയിലെ ഖണ്ഡിക8.4 അനുസരിച്ച് പ്രൊജക്റ്റിൽ വകയിരുത്തി

ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചില മേഖലകളിൽ വേതനം അനുവദിക്കുന്നതിന് ഇളവ് നൽകിയിട്ടുണ്ടെങ്കിലും ആയതിൽ നാടകപരിശീലനത്തിലുള്ള വേതനം നൽകുന്നത് ഉൾപ്പെടുന്നില്ല.

പദ്ധതി മാർഗ്ഗരേഖക്കു വിരുദ്ധമായി വസ്ത്രങ്ങൾ വാങ്ങുന്നതിനും പരിശീലകരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രശസ്തരായ കലാകാരൻമാരെയാണ് പരിശീലനത്തിനായി നിയമിച്ചതെന്നും അവരവരുടെ നിലവാരത്തിനനുസരിച്ച് ഓണറേറിയം കമ്മറ്റി തീരുമാനപ്രകാരം നൽകുകയാണുണ്ടായെതെന്നും യൂണിഫോം എന്ന നിലയ്ക്കല്ല കോസ്റ്റ്യം എന്ന നിലയ്ക്കാണ് വസ്ത്രങ്ങൾ വാങ്ങിയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ പരിശീലകരെ നിശ്ചയിക്കുന്നതിന് കമ്മറ്റി തീരുമാനം എടുത്തതിന്റെ രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല. പരിശീലനം നടത്തിയ നാടകം സ്കൂൾ ആനിവേഴ്സറിക്ക് അവതരിപ്പിക്കുകയാണുണ്ടായതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്.

ഭാവിയിൽ വികസനഫണ്ട് വിനിയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ മാർഗരേഖയിൽ നിഷ്കർഷിച്ചുപ്രകാരമുള്ള പ്രവർത്തനങ്ങൾ മാത്രം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

<u>പഠനയാത്ര</u>

പഠനയാത്ര നടത്തുന്നതിനായി യാത്രയുടെ അനുബന്ധ ചെലവുകൾക്കായി 10550 രൂപയും ബസ് ഫീസായി 19500 രൂപയും ചെലവഴിച്ചിട്ടുണ്ട്. സ.ഉ(കൈ) നം.22/2018/ തസ്വഭവ,തീയതി-14.2.2018 മാർഗ്ഗരേഖയിലെ ഖണ്ഡിക 8.4 പ്രകാരം വികസനഫണ്ട് വിനിയോഗിച്ച് ഉല്ലാസ പഠനയാത്രകൾ നടത്തുവാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വികസനഫണ്ടിൽ നിന്നും ഈയിനത്തിൽ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/25.1.2020) പറമ്പിക്കുളം ടൈഗർ റിസർവിൽ കാടിന്റെ വൈവിധ്യപൂർണമായ ആവാസവ്യവസ്ഥ നേരിൽ കാണുന്നതിനും കുട്ടികളിൽ പരിസ്ഥിതിബോധവും ആവാസവ്യവസ്ഥയെക്കുറിച്ചും അറിയുന്നതിനും വേണ്ടിയുള്ള പഠനപരിപാടിയായാണ് പ്രസ്തുത പ്രവർത്തനം നടത്തിയിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. മാർഗരേഖക്കു വിരുദ്ധമായ ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നതിനുമുമ്പായി സർക്കാരിൽനിന്ന് മുൻകൂർ അനുമതി വാങ്ങി മാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മാർഗരേഖക്കു വിരുദ്ധമായി പഠനയാത്ര നടത്തുന്നതിനായി വിനിയോഗിച്ച തുക 30050 രൂപ തടസപ്പെടുത്തുന്നു.

# 1-30 അങ്കണവാടി പോഷകാഹാര പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

അങ്കണവാടി പോഷകാഹാര പദ്ധതി (പ്രൊജക്റ്റ് നം.6/19)

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

എ)അംഗീകരിച്ച പദ്ധതിയിൽ അധികരിച്ച് തുക ചെലവഴിച്ച

ഈ പദ്ധതിക്കായി താഴെപ്പറയും പ്രകാരം തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| അടങ്കൽ | | യഥാർത്ഥ ചെലവ് | | ചെലവു പത്രിക പ്രകാരമുള്ള ചെലവ് | |
|---|---|---|---|---|---|
| പദ്ധതി വിഹിതം | കേന്ദ്രഫണ്ട് | പദ്ധതി വിഹിതം | കേന്ദ്രഫണ്ട് | പദ്ധതി വിഹിതം | കേന്ദ്രഫണ്ട് |
| 2375000 | 2454725 | 2375000 | 2498643 | 2375000 | 1387213 |

കേന്ദ്രഫണ്ടിന്റെ ചെലവുവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം. | തുക | റിമാർക്സ് |
|---|---|---|---|
| 1 | 190779/16.5.2018 | 1111430 | വെബ് സാംഖ്യയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ചെലവുകണക്കുകളിൽ ഉൾപ്പെടുന്നില്ല. സാംഖ്യയിൽനിന്നുള്ള ബിൽ സൂക്ഷിച്ചിട്ടില്ല. |
| 2 | 3098141/23.3.2019 | 299275 | |
| 3 | 3098142/30.3.2019 | 223015 | |
| 4 | 3098138/23.3.2019 | 311141 | |
| 5 | 3098139/23.3.2019 | 304940 | |
| 6 | 3098140/23.3.2019 | 248842 | |
| ആകെ ചെലവ് | | 2498643 | |

ക്രമ നം. 1 പ്രകാരമുള്ള തുക 1111430 രൂപ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളുടെ ചെലവിൽ (സുലേഖ പ്രകാരമുള്ള ചെലവ് സ്റ്റേറ്റ്മെന്റ് ) ഉൾപ്പെടുത്തിയിട്ടില്ല. അംഗീകരിച്ച പദ്ധതി പ്രകാരം കേന്ദ്രഫണ്ട് വകയിരുത്തിയിരിക്കുന്നത് 2454725 രൂപയാണെങ്കിലും 2498643രൂപ ചെലവ് ചെയ്തതുമൂലം പദ്ധതിയിൽ വകയിരുത്തിയ തുകയെക്കാൾ 43918 രൂപ അധികമായി ചെലവഴിച്ചിരിക്കുന്നു. അംഗീകരിച്ച പദ്ധതിയിൽ അധികമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/22.1.2020)

കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക പ്രൊജക്ടിൽ ഉൾപ്പെടുത്താതെ ചെലവഴിച്ചത് അറിവില്ലായ്മ മൂലമാണെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

ബി)ലഭ്യമാവാത്ത ഭക്ഷ്യവസ്തുക്കൾക്ക് തുക അനുവദിച്ചു. അധിക തുക തിരികെ ഈടാക്കണം

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

അങ്കണവാടി പോഷകാഹാര പദ്ധതി (പ്രൊജക്റ്റ് നം.6/19)

അടങ്കൽ-4829725(പ്ലാൻ-2375000, കേന്ദ്ര വിഹിതം-2454725)

ചെലവ്-3755545(പ്ലാൻ-2368332, കേന്ദ്ര വിഹിതം-2498643 )

ചെക്ക് നം.2190779/16.5.2018 പ്രകാരം ലഭ്യമായ കേന്ദ്രഫണ്ട് തുകയായ 1111430 രൂപയിൽനിന്നും ഇൻവോയിസ് നം.0901105/171974,27.3.2018 പ്രകാരം 269845 രൂപ മാവേലി സ്റ്റോറിൽനിന്നും ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലഭ്യമായ ഭക്ഷ്യസാധനങ്ങളുടെ അളവിനെക്കാൾ കൂടുതലുള്ള അളവാണ് ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ലഭ്യമായ സ്റ്റോക്കിനനുസരിച്ച് തുക അനുവദിക്കുന്നതിനുപകരം ഇൻവോയിസ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചു. അധികമായി തുക അനുവദിച്ചതിന്റെ വിശദാംശം താഴെചേർക്കുന്നു

| ഭക്ഷ്യ ഇനം | ബിൽ പ്രകാരമുള്ള അളവ് | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | കുറവ് കി.ഗ്രാമിൽ | നിരക്ക് | അധിക തുക |
|---|---|---|---|---|---|
| ചെറുപയർ | 965 | 945 | 20 | 69 | 1380 |
| അവിൽ | 215 | 213 | 2 | 72.23 | 144.46 |
| അധികമായി അനുവദിച്ച തുക | | | | | 1524.46 rounded to 1524 |

കുറവായി ലഭ്യമായ സാധനത്തിന് ബിൽ പ്രകാരമുള്ള മുഴുവൻ തുകയും നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/22.1.2020) മാവേലി സ്റ്റോറിന് അധികമായി നൽകിയ തുക തിരികെ വാങ്ങിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 1-31 ഷീ പാഡ് പദ്ധതി -വനിതാവികസനകോർപ്പറേഷന് നൽകിയ

# തുകയിൽ ബാക്കിനിൽക്കുന്ന തുക തിരികെ ഈടാക്കണം

നിർവ്വഹണം-ഹെഡ്മാസ്റ്റർ

പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലെ യു.പി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികളെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി സാനിറ്ററി നാപ്കിൻ, ഇൻസിനറേറ്റർ, അലമാര എന്നിവ വാങ്ങുന്നതിന് വികസനഫണ്ടിൽ ഉൾക്കൊള്ളിച്ചുകൊണ്ട് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

| പ്രൊജക്ട് നം. | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|
| 201/19 | 287864 (വികസന ഫണ്ട്) | 287864 | 2/31.5.2018 |
| 92/19 | 100000 | 100000 | 10/14.2.2019 |
| | | 387864 | |

മേൽപ്പറഞ്ഞ ബിൽ പ്രകാരം 387864രൂപ പിൻവലിച്ച് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ 35810483408 എന്ന നമ്പറിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

രേഖകളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല. സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിൽ കാലതാമസം ഉണ്ടാവുന്നതിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണുള്ളത്.

ബി) വനിതാ വികസന കോർപ്പറേഷന്റെ നം. KSWDC/P5/SHE-pad/LSGD/PLKD/2018-19 Dtd.6.4.2019 യൂട്ടിലൈസേഷൻ പ്രകാരം വനിതാ വികസന കോർപ്പറേഷനിൽ മുൻവർഷങ്ങളിൽ നൽകിയതിൽ ബാക്കി നിൽക്കുന്ന 32510 രൂപയുൾപ്പെടെ ആകെ 356604 രൂപയുടെ സാധനസാമഗ്രികൾ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2018-19വർഷം ഈ പദ്ധതിപ്രകാരം ലഭ്യമായ 8 അലമാരകളും പാഡും സ്റ്റോക്കിൽ രേഖപ്പെടുത്തി ഗ്രാമപഞ്ചായത്തിനു കീഴിലുള്ള സ്കൂളുകൾക്ക് നൽകിയിരിക്കുന്നു. നൽകിയ തുകയിൽ സാധനങ്ങൾ നൽകിയതിനുശേഷം വനിതാ വികസനകോർപ്പറേഷനിൽ ബാക്കി നിൽക്കുന്ന 63770 രൂപ തിരികെ നൽകിയിട്ടില്ല. തുക ലഭ്യമാക്കുന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/25.1.2020) 2019-20 വർഷത്തിലും പ്രൊജക്ട് നടപ്പിലാക്കുന്നുണ്ടെന്നും ആയതിൽ ഈ തുക അഡ്ജസ്റ്റ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 63770 രൂപ യുടെ സാധനങ്ങൾ ലഭ്യമാക്കാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-32 ബാലസഭ

പദ്ധതി – ബാലസഭ (14/19)

അടങ്കൽ - 50000(പ്ലാൻ ജനറൽ)

ചെലവ് - 34116(ട്രഷറി ബിൽ നം.20/23.2.2019)
നിർവ്വഹണം – അസി.സെക്രട്ടറി

പദ്ധതി പ്രകാരം തുക പിൻവലിച്ച് 09.02.19 ലെ കോഴിക്കോട് യാത്രയ്ക്കായി ട്രാവലിംഗ് ചാർജ്ജസ്- 20500/-രൂപയും, (കോഴിക്കോട് സയൻസ് പാർക്ക്, ക്രാഫ്റ്റ് വില്ലേജ്, അക്വേറിയം തുടങ്ങിയവ) റീഫ്രഷ്മെന്റ് ചാർജ്ജസ്,പ്രവേശന ഫീസുകൾ, അനുബന്ധ ചെലവുകൾ - 13616 രൂപയും ചെലവഴിച്ചിട്ടുണ്ട്.

2018-19 പ്ലാൻ - സബ്സിഡി മാർഗരേഖ ഖണ്ഡിക 7-6-17 പ്രകാരം ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ സംസ്ഥാനതല നിർദേശങ്ങൾ പരിഗണിച്ച് ബാലസഭ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള പദ്ധതി ആവിഷ്കരിക്കാം എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കുടുംബശ്രീ മിഷന്റെ 3266/കെ/18 /28.3.18 നമ്പർ സർക്കുലർ പ്രകാരം 2018-19 ലെ ബാലസഭ പ്രവർത്തന കലണ്ടർ - നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളിൽ പഠന/ഉല്ലാസയാത്ര ഉൾപ്പെടുന്നില്ല.
ഓഡിറ്റ് അന്വേഷണത്തിന് ( നം.20/27.1.2020) മേലിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരമല്ലാത്ത പ്രോജക്റ്റുകൾ നടപ്പിലാക്കില്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
പ്ലാൻ-സബ്സിഡി മാർഗ്ഗരേഖക്ക വിരുദ്ധമായി പദ്ധതി ഫണ്ട് ചെലവഴിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-33 പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണം

പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണം(195/19)

അടങ്കൽ - 280000(plan scp)+ 14000(others)

ചെലവ് - 162000 – ട്രഷറി ബിൽ നം.5/2.7.18
(പ്ലാൻ ഫണ്ട് – 153900 + ഗുണഭോക്തൃ വിഹിതം - 8100)
ട്രഷറി ബിൽ നം.5/2.7.18
നിർവ്വഹണം – അസി.സെക്രട്ടറി

പദ്ധതി പ്രകാരം 4 തരം വാദ്യോപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കരുവട്ട തകിൽ -2, തകിൽ - 3,കുഴൽ-5, ഇലത്താളം-3.

1. പദ്ധതി പ്രകാരം 13 പേർക്കാണ് വാദ്യോപകരണങ്ങൾ നൽകിയിരിക്കുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. വാർഡ് 16 ലെ മുതിരം പള്ളം നാടൻ കലാസമിതിയിലെ അംഗങ്ങൾക്ക് എന്ന പേരിലാണ് നൽകിയിരിക്കുന്നത്.
ഓഡിറ്റ് അന്വഷണം നം.22/28.01.2020 നൽകിയതിന് മറുപടിയായി 21.2.2018 ലെ 1/3

തീയതിയിലെ ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി വിഭാഗത്തിന് വാദ്യോപകരണങ്ങൾ എന്ന പദ്ധതിയിലെ അപേക്ഷയിൽ ഉൾപ്പെട്ട അംഗങ്ങൾ എല്ലാവരും തന്നെ പാരമ്പര്യമായി പരിപാടി അവതരിപ്പിക്കുന്നവരാണെന്നും ടി വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നതിൽ പ്രാവിണ്യമുള്ളവരാണെന്നും, ആയതുകൊണ്ട് തന്നെ ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് യോഗം തീരുമാനിച്ചു എന്നാണ് ഉള്ളത്. ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ, ലഭിച്ച അപേക്ഷയിടെ വിവരങ്ങൾ എന്നിവയില്ല.

2. വാദ്യോപകരണങ്ങൾ കൈപ്പറ്റിയത് തകിൽ എന്നാണ് കാണിച്ചിരിക്കുന്നത്, കുരുവട്ട തകിൽ, തകിൽ എന്നിവ പ്രത്യേകം എഴുതിയിട്ടില്ല.

3.വാർഡ് 16 ലെ മുതിരം പള്ളം നാടൻ കലാസമിതിയിലെ അംഗങ്ങൾക്ക് എന്ന പേരിലാണ് വാദ്യോപകരണങ്ങൾ നൽകിയിരിക്കുന്നത്. നിലവിൽ ടി.കലാസമിതി പട്ടികജാതി യുവജന ഗ്രൂപ്പ് (കലാ സംഘം) എന്ന നിലയിൽ പ്രവർത്തിക്കുന്നതാണ് എന്ന് മെമ്പറുടെ സാക്ഷ്യപത്രം, നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല ഓഡിറ്റ് അന്വേഷണം നൽകിയതിന് ലഭ്യമായ മറുപടിയോടൊപ്പം ടി രേഖകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

4. അനുവദിക്കുന്ന സമിതി/ഗ്രൂപ്പ് എഗ്രിമെന്റ് വച്ചിട്ടില്ല. വ്യക്തികളുടെ എഗ്രിമെന്റാണ് ഉള്ളതാണ്.
5.ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

6. പാർവ്വതി ഇൻഡസ്ട്രീസ്, കഞ്ചിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിച്ചിരിക്കുന്നത്. ഭരണ സമിതിയുടെ 19.3.2018 ലെ അടിയന്തിര യോഗത്തിലെ 4/2 നമ്പർ തീരുമാനം പ്രകാരം പാർവ്വതി ഇൻഡസ്ട്രീസ്, കഞ്ചിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ രണ്ടാമത്തെ സ്ഥപനമായ കെ.എസ്.എഞ്ചിനീയറിംഗ്, കഞ്ചിക്കോട് എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ടെണ്ടറിന്റെ ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ മേൽ സ്ഥാപനത്തിന്റെ പേരും ടെണ്ടർ നിരക്കുകളും ഉണ്ടെങ്കിലും ടെണ്ടർ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

7. താഴെ പറയുന്ന ഗുണഭോക്താക്കളുടെ വരുമാനം തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല.

സുജു.സി, പ്രമോദ്.സി, കിഷോർ.കെ, ഗോകുൽ, അജിത്ത്.എം.
മേൽ പറഞ്ഞ കാരണങ്ങളാൽ ചെലവ് തുക 162000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-34 ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

പദ്ധതി – ഭവന നിർമ്മാണം എസ്.സി വനിത -193/19( spill over project)
നിർവ്വഹണം – അസി.സെക്രട്ടറി
അടങ്കൽ – 960000
ചെലവ് – 630000

2016-17 ലെ spill over project ആയ ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 300000/- രൂപയാണ് ധനസഹായം അനുവദിക്കുന്നത്. പദ്ധതിയിലെ ശ്രീമതി.പാറുw/o വേലൻ, രാമശ്ശേരി എന്ന ഗുണഭോക്താവ് ആകെ 270000/- രൂപ ധനസഹായം കൈപ്പറ്റിയെങ്കിലും നാളിതുവരെയായി ഭവന നിർമ്മാണ്ണം പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണ്ണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം (നം.20/27.1.2020)നൽകിയതിന് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-35 ആശ്രയ പദ്ധതി തുക തിരിച്ചടവാക്കേണ്ടതാണ്

ആശ്രയ പദ്ധതി (128/19)

അടങ്കൽ - 500000(പ്ലാൻ ജനറൽ)

ചെലവ് - 500000(ട്രഷറി ബിൽ നം.17/7.1.2019)

പദ്ധതി പ്രകാരം 500000 രൂപ ബിൽ മാറി കുടുംബശ്രീ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. തുക ചെലവഴിച്ചിട്ടില്ല. ആശ്രയ ഗുണഭോക്താക്കളുടെ ജീർണ്ണിച്ച ഭവനങ്ങൾ പുനരുദ്ധാരണം ചെയ്യുക എന്നാണ് പദ്ധതി ലക്ഷ്യം. ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് അംഗീകരിക്കാതെ പ്ലാൻ ഫണ്ട് പിൻവലിച്ച് കുടുംബശ്രീ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. അതാത് സാമ്പത്തിക വർഷം ചെലവഴിക്കാത്ത പദ്ധതി തുക (500000/-രൂപ) തിരിച്ചടവാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.20/27.1.2020 ന് ആശ്രയ ഗുണഭോക്താക്കളുടെ ലിസ്റ്റ് സ്റ്റേറ്റ് മിഷനിൽ നിന്നും ജനുവരി മാസത്തിൽ അംഗീകാരം ലഭിക്കും എന്ന അറിയിച്ചതിനെ തുടന്നാണ് പദ്ധതി തുക മാറി കുടുംബശ്രീ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചത്. എന്നാൽ 29.3.2020 നാണ് ലിസ്റ്റ് അംഗീകരിച്ചു വന്നത് എന്നും, ആയിതിനാൽ മാർച്ച് 31 നകം പദ്ധതി പൂർത്തീകരിച്ച് തുക ചെലവഴിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. പ്ലാൻഫണ്ട് ട്രഷറിയിൽ നിന്ന് പിൻവലിച്ച് ടി സാമ്പത്തിക വർഷം പദ്ധതിക്കായി ചെലവഴിക്കാതെ തനത് അക്കൗണ്ടിൽ നിക്ഷേപിച്ചത് ക്രമപ്രകാരമല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

# 1-36 കുടുംബശ്രീ സംഘങ്ങൾക്ക്

# റിവോൾവിംഗ് ഫണ്ട്.

കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്.

അടങ്കൽ - 250000(പ്ലാൻ ജനറൽ)

ചെലവ് - 250000(ട്രഷറി ബിൽ നം.12/17.11.18)

പദ്ധതി പ്രകാരം 250000/- രൂപ കുടുംബശ്രീ തനത് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് ആയതിനു ശേഷം ഒരു കുടുംബശ്രീ യൂണിറ്റിന് 10000/- രൂപ വീതം 25 കുടുംബശ്രീ യൂണിറ്റുകൾക്കാണ് തുക നൽകിയിരിക്കുന്നത്. യൂണിറ്റുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ചെക്ക് മുഖേനയാണ് നൽകിയിരിക്കുന്നത്. സംരഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനെക്കുറിച്ച് സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.22/2018തസ്വഭവ, തീയതി.14.2.2018 ഖണ്ഡിക - 21 ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ പൊതു ധനകാര്യ സ്ഥാപനത്തിൽനിന്നുള്ള വായ്പ കൂടി ഉൾപ്പെടുത്തി സംരംഭം തുടങ്ങേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗരേഖയിൽ റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ലെന്നും താൽക്കാലികമായ പലിശരഹിതമായ പ്രോൽസാഹനം മാത്രമാണെന്നും പറഞ്ഞിരിക്കുന്നു. കുടുംബശ്രീക്ക് വ്യക്തമായ വായ്പാധിഷ്ഠിത തൊഴിൽ സംരംഭ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു പ്രോജക്റ്റ് റിപ്പോർട്ടിന്റെ അഭാവത്തിലാണ് തുക കുടുംബശ്രീക്ക് കൈമാറിയത്. ഈ പദ്ധതി നടപ്പിലാക്കിയതിൽ മാനദണ്ഡങ്ങളൊന്നും തന്നെ പരിഗണിച്ചതായി കാണുന്നില്ല. ഓഡിറ്റ് അന്വേഷണത്തിന് (20/27.1.2020) വരും വർഷങ്ങളിൽ പ്രോജക്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽപദ്ധതി മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ചെലവ് തുക 250000/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-37 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്.

പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ -

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന 4 കുടിവെള്ള പദ്ധതികളുണ്ട്. ഈശാനിക്കോട്, പട്ടച്ചൻകാവ്, പ്ലാസംപതി, തേനാരി എന്നിവ. ആയവയിൽ പൊതുടാപ്പുകൾ 99, ഗാർഹിക കണക്ഷനുകൾ 496, ഗാർഹികേതര കണക്ഷൻ 1 എന്ന പ്രകാരമാണ്. വെള്ളക്കരം നിരക്ക് ഗാർഹിക കണക്ഷന് 40/രൂപ,ഗാർഹികേതര കണക്ഷൻ 150/- രൂപ. മീറ്റർ റീഡിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്കുകൾ പ്രകാരം 2018-19 വർഷം കുടിവെള്ള പദ്ധതികളിൽ നിന്നുള്ള വരവ് താഴെ കെട്ടുകുന്നു.

| | |
|---|---|
| വെള്ളക്കരം തൻ വർഷത്തെ വരവ് | 151160 |
| കുടിശ്ശിക വരവ് | 134240 |
| ആകെ | 285400 |

ആകെ 316412/- രൂപ കുടിവെള്ളകരം കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്.

തൻ വർഷം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായുള്ള ചെലവിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 290181 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 462008 |
| അറ്റകുറ്റ പണികൾക്കായുള്ള ചെലവ് | 219000 |
| ആകെ | 971189 |

കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ചെലവും വരവും തമ്മിൽ 685789/- രൂപയുടെ അന്തരമുണ്ട്.

ഓഡിറ്റ്നിർദ്ദേശം

1. ഓരോ കുടിവെള്ള പദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ

   വെള്ളക്കരത്തിന്റെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെയുള്ള തുക ഈടാക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വെള്ളക്കരമായി ഈടാക്കുന്ന തുക നാമമാത്രമായതിനാൽ ആയത് കാലഘട്ടത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനും അധികബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. മീറ്റർ റീഡിംഗ് സംവിധാനം ഏർപ്പെടുത്തേടുത്തേണ്ടതാണ്.

4. ഗാർഹിക കുടിവെള്ള കണക്ഷൻ പരമാവധി പേർക്ക് ലഭ്യമാക്കി പൊതുടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

സർക്കാർ ഉത്തരവ് (സാ.)നം.1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിന്റെ ബാധ്യതയായി മാറിയിരിക്കുന്ന കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം നിർദ്ദേശിച്ചിട്ടുള്ളതാണെങ്കിലും നാളിതുവരെയായും നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-38 അംഗീകാരമില്ലാതെ ദിവസവേതനത്തിന് ആളെ നിയോഗിച്ചു

പഞ്ചായത്തിൽ ദിവസവേതനത്തിന് ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്ന പേരിൽ ആളെ നിയോഗിച്ച് 2018-19 വർഷത്തിൽ എല്ലാ മാസവും വേതനം നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷം ആകെ 191700/- ഈ ഇനത്തിൽ ചെലവുണ്ട്. നിലവിൽ ഇല്ലാത്ത തസ്തികയിൽ ദിവസവേതനത്തിന് ആളെ നിയോഗിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.24/28.1.2020 സെക്രട്ടറിക്ക് നല്കിയതിന് നിലവിൽ എൽ.എസ്.ജി.ഡി സെക്ഷനിൽ ഒരു എൽഡി ക്ലാർക്ക്, ഓഫീസ് അറ്റന്റന്റ് എന്നീ ഒഴിവുകളിലേക്ക് നാളിതുവരെ നിയമനം നടത്തിയിട്ടില്ല എന്നും പ്രോജക്ടുകളുടെ നിർവ്വഹണം സമയബന്ധിതമായി നടത്തുന്നതിന് ഒരു ക്ലാർക്കിന്റെ സേവനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സുഗമമായ ഓഫീസ് പ്രവർത്തിന് വേണ്ടിയാണ് ഡാറ്റാ എൻട്രി ഓപ്പറേറ്ററെ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ചത് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

എന്നിരുന്നാലും ഭരണവകുപ്പ് മുഖേനയുള്ള നടപടിക്രമങ്ങൾ പാലിക്കാതെ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നിയമനങ്ങൾ നടത്താവുന്നതല്ല. ജോലിഭാരം കണക്കിലെടുത്ത് അധിക തസ്തികക്ക് അനുമതി ലഭ്യമാക്കേണ്ടതായിരുന്നു. വിഷയം സർക്കാറിൽ അറിയിച്ച് ആവശ്യമായ തസ്തികയിൽ നിയമനം നടത്തുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-39 മരാമത്തു പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും- അവലോകനം

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം മരാമത്തു പ്രവൃത്തികൾക്കായി ആകെ ₹.69805662/- വകയിരുത്തിയതിൽ ₹. 46613232/- ചെലവഴിച്ചിട്ടുണ്ട്. ആകെ വകയിരുത്തിയ തുകയുടെ 66.77% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 2018-19 വർഷം അംഗീകാരം വാങ്ങിയ 217 പ്രവൃത്തികളിൽ 169 പ്രവൃത്തികളാണ് തൻ വർഷം പൂർത്തീകരിച്ചിട്ടുള്ളത് . ബാക്കി പ്രവൃത്തികളിൽ 48 എണ്ണം 2019-20 ൽ സ്പിൽഓവറായി ഉൾപ്പെടുത്തി. അവയിൽ 5 എണ്ണം നിലവിലും പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

1. സ്പിൽ ഓവർ പ്രവൃത്തികൾ

2018-19 വർഷം സ്പിൽ ഓവറായ(2017-18 ലെ) 81 പ്രവൃത്തികളിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് തൻവർഷം തുക ചെലവഴിച്ചിട്ടില്ല.

1.പഞ്ചായത്ത് കിണർ മെയിന്റനൻസ് വിവിധ വാർഡുകളിൽ (240/19)

2.ജനറേറ്റർ റൂം ബെഡ് സൗകര്യങ്ങൾ (245/19)

3.ഗ്രാമ പഞ്ചായത്ത് ഓഫീസ് ഒന്നാം നില കെട്ടിട നിർമ്മാണം (253/19)

4. താഴെ പോക്കാൻതോട് പമ്പ് ഹൗസ് മുതൽ മെറ്റലിംഗ് ടാറിംഗ്(269/19)

മേൽപ്പറഞ്ഞവയിൽ ക്രമനം. 1,4 എന്നിവ 2019-20 ൽ സ്പിൽഓവറായി പൂർത്തീകരിച്ചിട്ടുള്ളതായും ക്രമനം.2. ജനറേറ്റർ വാങ്ങുന്നതിനുള്ള പ്രൊജക്റ്റ് അംഗീകാരം ലഭിക്കാത്തതിനാലും ക്രമനം. 3. ഒന്നാം നില കെട്ടിടനിർമ്മാണത്തിനാവശ്യമായ സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി ഇല്ലാത്തതിനാലും ഉപേക്ഷിച്ചു എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(21/ 28.01.2020) മറുപടിയായി എ.ഇ. അറിയിച്ചിട്ടുണ്ട്.

2. പൊതു അപാകതകൾ

- പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
- പ്രവൃത്തികളിൽ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുമ്പോൾ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.
- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.
- ആസ്തി സംരക്ഷണ പദ്ധതി/വാർഷിക മെയിന്റനൻസ് പ്ലാൻ തൻവർഷം (2018-19) തയ്യാറാക്കിയിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിലാവണം റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകേണ്ടതും പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കേണ്ടതും.

  ഓഡിറ്റ് നിർദ്ദേശങ്ങൾ

  വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പ്, ആസ്തി സംരക്ഷണ പദ്ധതി എന്നിവ അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയും നിർവ്വഹണം നടക്കാൻ സാദ്ധ്യതയുള്ളവയും മുൻഗണന നൽകി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. മിനിറ്റ്സ് പ്രകാരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടത്തിയതിന്റെയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല. സ്പിൽ ഓവർ പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.സ്ഥലലഭ്യത ഉറപ്പുവരുത്തൽ, പര്യാപ്തമായ ഫണ്ട് വകയിരുത്താതിരിക്കൽ, മുതലായ ആസൂത്രണത്തിലെ പാളിച്ചകൾ ഒഴിവാക്കുന്നതിനും പദ്ധതി പ്രദേശത്തെ തടസ്സങ്ങൾ ഒഴിവാക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഭരണസമിതി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-40 ഇ ടെണ്ടർ ഫോം വില - അക്കൗണ്ടിലുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക്

# അടവാക്കേണ്ടതാണ്

എ.ഇ യുടെ ഇ ടെണ്ടർ ഫോം വില ഈടാക്കുന്നതിനായിട്ടുള്ള അക്കൗണ്ടിൽ (A/C no. 37161899260, SBI )17.01.2020 ൽ ₹. 74100/- രൂപ ബാലൻസ് ഉണ്ട്. ഇതിൽ ടെണ്ടർ ഫോം വിലയിനത്തിലുള്ള തുക പഞ്ചായത്തിലേക്ക് അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(21/28.01.2020) മറുപടിയായി എ.ഇ. ഈ അക്കൗണ്ടിൽ ഉള്ള ബാലൻസ് തുകയിൽ ഫോം വിലയായ ₹.43250/- സെക്രട്ടറിയുടെ അക്കൗണ്ടിലേക്കു മാറ്റുന്നതും ബാക്കി ജി.എസ്.ടി., ആദായനികുതി, തൊഴിലാളി ക്ഷേമനിധി വിഹിതം എന്നീയിനത്തിലുള്ള തുക അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-41 യഥാസമയം എഗ്രിമെന്റ് വെയ്ക്കാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായി രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ മറ്റു നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ല . കരാർ തുകയുടെ 1% പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമനം. | പ്രവൃത്തി,പി.എ.സി ബിൽനം./തീയതി | ടെണ്ടർ അംഗീകരിച്ച തീയതി,<br><br>സെലക്ഷൻ നോട്ടീസ് | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%)₹. |
|---|---|---|---|---|
| 1. | 246/18, മുതലിച്ചിറ മുരുകൻ കോവിൽ വിനായകൻ കോവിൽ റോഡ് ഇംപ്രൂവ്മെന്റ്, 446050/-, 6/13.6.18-446090/- | 17.12.16<br><br>19.12.16 | 12.1.2017<br><br>കെ.കൃഷ്ണദാസ് | 4461 |
| 2. | 172/18, കാക്കത്തോട് മുസ്ലീംതറ റോഡ് റീടാറിംഗ്, 265841/-, 97/24.12.18-173063/- | 25.10.17<br><br>-സെലക്ഷൻ നോട്ടീസിൽ തീയതി ഇല്ലെങ്കിലും 10.11.17 നകം എഗ്രിമെന്റ് | 23.11.17<br><br>സൈജു | 2658 |

| | | | | |
|---|---|---|---|---|
| | | വെയ്ക്കാൻ നിർദ്ദേശം | | |
| 3. | 279/19, കണ്ണിയോട് കുടിവെള്ള പദ്ധതി, 222828/-, 3/22.5.18- 94716/- | 17.1.17<br>- | 15.2.17<br>ഷഫീക്ക് | 2228 |
| 4. | 161/18, മുണ്ടൻകാട് മിനി കുടിവെള്ള പദ്ധതി,259243/-13/13.6.18- 291718/- | 5.10.17<br>6.10.17 | 30.10.17<br>ഷഫീക്ക് | 2592 |
| 5. | 174/18, കൊപ്പന്നൂർ ടെമ്പിൾ റോഡ് ടാറിംഗ് വർക്ക്, 266906/-, 28/13.6.18- 187720/- | 5.10.17<br>6.10.17 | 24.10.17<br>രാജീവ്. പി.എച്ച് | 2669 |
| 6. | 179/18,പറക്കുട്ടചള്ള റോഡ് ടാറിംഗ് വർക്ക്, 176792/- 30/13.6.18- 136661/- | 5.10.17<br>6.10.17 | 30.10.17<br>മനോജ്.സി. | 1768 |
| 7. | 118/18, കുന്നംപാറ അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം, 187505/-, 47/19.9.18 - 187958/- | 26.6.18<br>29.6.18 | 18.7.18<br>കൃഷ്ണൻകുട്ടി | 1875 |
| 8. | 42/18, മുണ്ടൻകാട് റോഡ് കോൺക്രീറ്റ്, 284005/-, 53/28.9.18-299990/- | 26.6.18<br>29.6.18 | 17.7.18<br>കൃഷ്ണൻകുട്ടി | 2840 |
| 9. | 111/18, മണിയേരി രാമശ്ശേരി റോഡ് മെറ്റലിംഗ്,ടാറിംഗ്, 801763/-, 70/24.11.18- 793160/- | 14.8.18<br>18.8.18 | 5.9.18<br>ബിജു.കെ. | 8018 |
| 10. | 2/18, ഹോമിയോ ഡിസ്പെൻസറി കെട്ടിടം മെയിന്റനൻസ്, 288471/-, 100/26.12.18- 212331/- | 5.10.17<br>6.10.17 | 24.10.17<br>രാജീവ്. പി.എച്ച് | 2885 |
